THE TRAVANCORE NAMPUTIRI BILL.

DEPUTY PRESIDENT: We pass on to the consideration of the Namputiri Bill. We are at Mr. K. P. Nilakanta Pillai's amendment to Clause 2, sub-clause (3). Mr. Nilakanta Pillai has already moved his amendment.

MR. K. P. NILAKANTA PILLAI (*Chirayinkil*): The amendment has already been moved and we had also some discussion on it. It was then decided that it might lie over for further consideration after several other Clauses are disposed of. Now, the member in charge of the Bill has to speak on the amendment.

DEPUTY PRESIDENT: Your suggestion is, Mr. Nilakanta Pillai, that in sub-clause (3), explanation, for the words '*who have become members of the illom by marriage*' the words '*whether born in or married into the illom*' may be substituted, and, for the word '*marriage*' at the end, the words '*their birth*' may be substituted. I think it relates to the definition of karanavan. This is the definition of 'karanavan' in the Bill.

"(3) 'Karanavan' means the senior male member of the *illom* in whom the headship of the *illom*, the right of management of its affairs and the possession of the properties thereof are vested in law, and, in the absence of such male member, the senior major female member."

"Explanation :—The seniority of females who have become members of the *Illom* by marriage shall be determined with reference to the date of marriage."

Mr. Nilakanta Pillai has suggested certain amendments to the explanation. What have you to say, Mr. Kesavan Namputiripad?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): May I speak in Malayalam?

DEPUTY PRESIDENT: Oh, yes; we are prepared to violate all Standing Orders for your benefit. Go on.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): സർ, മി. നീലകണ്ഠപ്പിള്ള അവതരിപ്പിച്ച ഭേദഗതിയുടെ അർത്ഥം വ്യക്തമാകുന്നില്ല. ബില്ലിൽ പറഞ്ഞിരിക്കുന്നതു വിവാഹംകൊണ്ടു സീനിയാറിട്ടി നിശ്ചയിക്കണമെന്നാണ്. എന്നാൽ മി. നീലകണ്ഠപിള്ളയുടെ ഭേദഗതി വിധവകളുടെ ജനനതീയതി അനുസരിച്ചു സീനിയാറിട്ടി നിശ്ചയിക്കണമെന്നാണ്.

DEPUTY PRESIDENT: അതു മാത്രമല്ല, ഇല്ലത്തിൽ ജനിച്ചിട്ടുള്ളവരുടേയും ഇല്ലത്തിലേക്കു വിവാഹംകഴിച്ചു കൊണ്ടുവന്നിട്ടുള്ളവരുടേയും രണ്ടു പേരുടേയും മൂപ്പു നിശ്ചയിക്കുന്ന വ്യവസ്ഥ അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): ഈ ഭേദഗതി അതേ രീതിയിൽ സ്വീകരിക്കാൻ നിവൃത്തിയില്ല. ഒരു ഇല്ലത്തിൽ വിവാഹം ചെയ്തുകൊണ്ടുവന്നിട്ടുള്ള രണ്ടു സ്ത്രീകൾക്ക് തമ്മിലുള്ള മൂപ്പു നിശ്ചയിക്കുന്നതു് അവരുടെ വിവാഹ തീയതിയെ അടിസ്ഥാനമാക്കി ഒരു കഡും

LIBRARY ARCHIVES Kerala Legislative Assembly

ബത്തിൽ വിവാഹം ചെയ്തു കൊണ്ടുവന്നിട്ടുള്ള സ്ത്രീയും, ആ കുടുംബത്തിൽ ജനിച്ചിട്ടുള്ള സ്ത്രീക്കും തമ്മിലുള്ള മുപ്പു നിശ്ചയിക്കുന്നതു് ആ കുടുംബത്തിൽ ജനിച്ചിട്ടുള്ള സ്ത്രീയുടെ ജനനത്തീയതിയെ അനുസരിച്ചു വേണ്ടതാണു്.

DEPUTY PRESIDENT: That is a fundamental change. So, the question is whether you agree to it in the first place?

DEPUTY PRESIDENT: Mr. Parameswaran Pillai, please make a note of what he says, so that it may be of help later on when we draft it finally.

This is the question, Mr. Kesavan Namputiripad. Are you prepared to recognise a lady foreign to the *Illom* as a member for management of the *Illom* under any circumstances. The present provision is "*in the absence of any major male member the senior major female member.*" Mr. Nilakanta Pillai now suggests a change. He has no objection to the senior female member becoming the Karanavan in the absence of major male members in the *Illom*. He accepts that. But, with reference to explanation which recognises only those who have been brought into the *Illom* by marriage, he suggests that members born in the *Illom* should also be recognised for purposes of *karanavasthanam*. How do you want the amendment to be made, Mr. Namputiripad?

MR. K. N. KESAVAN NAMPUTIRIPAD (*Jennies*): When a conflict arises between two females who have been brought into the *Illom* by marriage, seniority shall be determined by the date of marriage.

വിവാഹംകൊണ്ടാണ് സ്ത്രീകൾ ഒരു കുടുംബത്തിലെ അംഗങ്ങളാവുക. അവരെസംബന്ധിച്ചിടത്തോളം വിവാഹതീയതിയും, കുടുംബത്തിലുള്ളകന്യകയും, വിവാഹം കഴിച്ചുകൊണ്ടുവന്നിട്ടുള്ള സ്ത്രീയുംതമ്മിലുള്ള മൂപ്പുവകാശം നിശ്ചയിക്കുന്നതു്, കന്യകയുടെ ജനനതീയതിയും അനുസരിച്ചുവേണം.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): രണ്ടു സ്ത്രീകളുടേയും ജനനതീയതി അനുസരിച്ചല്ലേ വേണ്ടതു്?

DEPUTY PRESIDENT: വിവാഹം കഴിച്ചുകൊണ്ടുവന്നിട്ടുള്ള സ്ത്രീയുടെ വിവാഹത്തീയതിയും കന്യകയുടെ ജനനത്തീയതിയും നോക്കുമ്പോൾ ആർക്കാണോ മൂപ്പു് അവർക്കാണു് കാരണവസ്ഥാനം കൊടുക്കേണ്ടതു്.

MR. A. THANU PILLAI (*Trivandrum*): May I know whether the discussion is to be in Malayalam, or in English as usual? Last time, the Bill was discussed. It was in Malayalam.

DEPUTY PRESIDENT: I leave it to the House entirely. It would be really useful if you talk in Malayalam for the benefit of the members who know only Malayalam. It is therefore that I said that we would violate all Standing Orders for the benefit of this community.

MR. A. THANU PILLAI (*Trivandrum*): So, I can speak in Malayalam?

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT: Yes.

MR. A. THANU PILLAI (*Trivandrum*): മി. നമ്പൂതിരിപ്പാട് പറഞ്ഞതു കേട്ടില്ല.

DEPUTY PRESIDENT: ഞാൻ പറയാം. നമ്പൂതിരിമെംബർ പറയുന്നതു് അവരുടെയിടയിലുള്ള നടപ്പനുസരിച്ചു കുടുംബത്തിൽ ജനിച്ച ഒരു കന്യക ഒരിക്കലും അവകാശിയായിട്ടു വരികയില്ല. അതായതു് കുടുംബസ്വത്തു് അന്യർ കൊണ്ടുപോയാലും ശരി, അതല്ല ഗവർമ്മെൻറിലേക്കു ചേർന്നാലും ശരി കുടുംബത്തിലുള്ള കന്യകയ്ക്കു ഇപ്പോഴത്തെ നടപ്പനുസരിച്ചു അവകാശമില്ല എന്നാണു്. എന്നാൽ മി. നീലകണ്ഠപ്പിള്ളയുടെ ഭേദഗതി കുടുംബത്തിൽ പുരുഷന്മാരില്ലാതെ വന്ന മൂപ്പവകാശത്തെപ്പറ്റി തക്കം വരുമ്പോൾ സ്ത്രീകളുടെ വയസ്സു ക്രമം അനുസരിച്ചു തീർച്ചപ്പെടുത്തണമെന്നാണു്. മി. നംപൂതിരിപ്പാട് പറയുന്നതു കുടുംബത്തിൽ ജനിച്ച കന്യകയ്ക്കുംക്രടി അവകാശം കൊടുക്കാമെന്നാണു്. ഒരു കുടുംബത്തിലുള്ള കന്യകയും വിവാഹം കഴിച്ചുകൊണ്ടുവന്നിട്ടുള്ള വിധവയും തമ്മിലുള്ള മൂപ്പവകാശം തക്കത്തിൽ വരുമ്പോൾ അവരുടെ ജനനത്തീയതി അനുസരിച്ചു തീർച്ചപ്പെടുത്തണമെന്നു പറയുന്നു.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ജനനത്തീയതിയാണെന്നു ആരു പറയുന്നു?

DEPUTY PRESIDENT: In a conflict between a lady born in the family and a widow who had been brought into the family by marriage, she who is older as a matter of fact in age, shall be the Karanavan. But where the contest is between two widows who had been brought into the *Illom* by marriage the rule is that seniority should be determined with reference to the date of marriage. Have I correctly stated your position, Mr. Kesavan Namputiripad?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): No, Sir.

MR. A. THANU PILLAI (*Trivandrum*): Sir, ...

DEPUTY PRESIDENT: According to Mr. Kesavan Namputiripad, I have not correctly explained his position. Let me first understand what he has to say; and then I shall try to explain the position.

Talk in any language you like, Mr. Namputiripad. Only, make it clear. Divide the question into two heads. First, direct your attention to competing widows. Let us know what you have to say as regards competing widows, in the matter of seniority.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): വിവാഹംകൊണ്ടു് ഒരു കുടുംബത്തിലെ അംഗങ്ങളായി തീരുന്ന രണ്ടു് സ്ത്രീകളുടെ മൂപ്പു നിശ്ചയിക്കുന്നതു് അവരവരുടെ വിവാഹത്തീയതി അടിസ്ഥാനമാക്കി ആയിരിക്കണം. ആ കുടുംബത്തിലെ ജനനംപോലെയാണു് വിവാഹത്തെ കരുതുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT: That is a fiction unheard of in any piece of legislation anywhere in the world.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): വിവാഹംകൊണ്ടാണ് ഒരു കുടുംബത്തിലെ അംഗമായി തീരുന്നത്. അതുകൊണ്ട് അന്നുമുതല്ലാണ് അവരുടെ അവകാശം കണക്കാക്കുന്നത്.

DEPUTY PRESIDENT: ഇപ്പോൾ ഒരു ഇല്ലത്തിൽ ൫൫ വയസ്സായ ഒരു വിധവ ഉണ്ട്. ആ വിധവയ്ക്ക് ൧൮ വയസ്സായ ഒരു മകളും ഉണ്ട്. ആ കുടുംബത്തിൽ ജനിച്ച ൨൦ വയസ്സായ ഒരു സ്ത്രീയും ഉണ്ട്. ഈ ൫൫ വയസ്സായ സ്ത്രീ ഈ ഇല്ലത്തിൽ വിവാഹം കഴിച്ചു വന്നിട്ട് പതിനേഴ വർഷമേ ആയിട്ടുള്ളു. ഇതിൽ ആക്കാണ് മൂപ്പ്?

Unless you tell us something definite and clear, Mr. Namputiripad, I fear, the House cannot give you any help.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): വിവാഹം കഴിച്ചുകൊണ്ടുവന്ന തീയതിയാണ് കണക്കാക്കുന്നതെങ്കിൽ ൫൫ വയസ്സായ സ്ത്രീയെ വിവാഹംകഴിച്ചുകൊണ്ടുവന്ന പതിനേഴ വർഷമേ ആയിട്ടുള്ളു, എന്നു പറയുന്നു; അപ്പോൾ ൧൮ വയസ്സായ മകനും ഉണ്ടാകാൻ ഇടയില്ലല്ലോ.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): ഞങ്ങളുടെ ആചാരം ബുദ്ധിപൂർവ്വമായിട്ടുള്ളതാണെന്നല്ല ഞാൻ പറഞ്ഞത്.

DEPUTY PRESIDENT: ബുദ്ധിപൂർവ്വമാക്കി തന്നെപറഞ്ഞു കൊള്ളുക.

The House will recognise any custom, which appears to be fair, reasonable and equitable, and which deserves to be perpetuated by a statutory provision.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): മൂപ്പിനെ സംബന്ധിച്ച് ഇതിനു മുമ്പ് നടന്നതായ വാദവും അതിനെ സംബന്ധിച്ച് മി. നീലകണ്ഠപ്പിള്ള കൊണ്ടുവന്നിട്ടുള്ള ഭേദഗതിയും ഇവിടെ പാസ്സായിക്കഴിഞ്ഞു. നംപൂതിരികുടുംബങ്ങളിൽ ൪൦ വയസ്സായാലും വിവാഹം കഴിയാതിരിക്കുന്നിടത്തോളം കാലം മൈനറായിട്ടുതന്നെയിരിക്കുമെന്നാണ് ആദ്യത്തെ വാദം. ഞങ്ങളുടെയിടയിലുള്ള നടപ്പും അതാണ്. അതു ശരിയല്ല. അതിനെ ഭേദപ്പെടുത്തണമെന്ന് ഞങ്ങൾക്കും അഭിപ്രായമുണ്ട്. ഒരു കുടുംബത്തിൽ ന്യ൦-ാമാണ്ട് ഒരു കന്യകയുണ്ടായി. ന്യ൨-ാമാണ്ട് ഒരു സ്ത്രീയെ വിവാഹം ചെയ്തു ആ കുടുംബത്തിൽ കൊണ്ടുവന്നു. ഇങ്ങിനെ വരുമ്പോൾ ന്യ൦-ാമാണ്ട് ജനിച്ച സ്ത്രീയ്ക്കാണ് മൂപ്പവകാശം എന്നും ന്യ൨-ാമാണ്ട് വിവാഹം കഴിച്ചുകൊണ്ടുവന്ന സ്ത്രീ

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Tuppan Namputiripad.]

ഇളമുറയായിട്ടിരുന്നുകൊള്ളട്ടെ എന്നുമാണ് ഭേദഗതി എന്നു ഞാൻ വിചാരിക്കുന്നു.

DEPUTY PRESIDENT: ജനനത്തീയതിയെ കണക്കാക്കിക്കൊള്ളണമെന്നാണ് ഭേദഗതി.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ആകുടുംബത്തിലുള്ള സ്ത്രീയുടെ ജനനത്തീയതി കണക്കാക്കാം. എന്നാൽ അന്യ കുടുംബത്തിൽ നിന്നും വരുന്ന സ്ത്രീയുടെ ജനനത്തീയതി കണക്കാക്കി മുപ്പുനിശ്ചയിക്കാൻ പാടില്ല. ഒരു സ്ത്രീയുടെ വിവാഹം മുതല്ക്കാണ് ആസ്ത്രീയുടെ അന്യ കുടുംബത്തിൽ അവകാശം സിദ്ധിക്കുന്നത്. ആതീയതിമുതല്ക്കേ അതു കൊടുക്കാൻ പാടുള്ളൂ. മുമ്പെ കുടുംബത്തിലുള്ള കന്യകമാക്ക് അവകാശംകൊടുക്കാൻ പാടില്ലാഎന്നുണ്ടായിരുന്ന വാദം ഞങ്ങൾ ഉപേക്ഷിച്ചിരിക്കുന്നു.

MR. A. THANU PILLAI (*Trivandrum*): സിലക്ട് കമ്മിറ്റിയിൽ . . .

DEPUTY PRESIDENT: എന്റെ സംശയം തീർത്തുകൊള്ളട്ടെ.

മി. തുപ്പൻനമ്പൂതിരിപ്പാട്ടു, ഒരു കന്യക ന്യ ൦-ാമാണ്ട് കുടുബത്തിൽ ജനിച്ചു; ന്യ൨-ാംമാണ്ട് വേറെ ഒരുസ്ത്രീയെ ആകുടുംബത്തിലെക്കു വിവാഹംചെയ്തുകൊണ്ടുവന്നു; ന്യ൩-ാമാണ്ട് അവൾക്കു ഒരു മകളും ജനിച്ചു; വ ൦-ാംമാണ്ടിൽ വിധവയും ആയി. ആവിധവ ഇല്ലത്തിൽ വന്നിട്ടു ൧൨വർഷമായിട്ടില്ല, അപ്പോൾ ആർക്കാണ് മുപ്പവകാശം?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): പുരുഷന്മാർ ആരുമില്ലാതെ ഒരുവിധവമാത്രം കുടുംബത്തിൽ ശേഷിക്കയും ആകുടുംബത്തിൽതന്നെ ജനിച്ച ഒരുകന്യകകൂടി ഉണ്ടായിരിക്കയും ചെയ്യുന്ന അവസരത്തിൽ വിധവയേക്കാൾ കന്യകയ്ക്കാണ് വയസ്സുകൂടുതൽ എങ്കിൽ ആകന്യകയ്ക്കുതന്നെ കൊടുക്കണം. അതല്ല വിധവയ്ക്കാണ് വയസ്സുകൂടുതൽ എങ്കിൽ വിധവയ്ക്കുതന്നെ മുപ്പവകാശം കൊടുക്കണം.

DEPUTY PRESIDENT: എന്നു മുതല്ക്കാണ് ഈ വയസ്സു കണക്കാക്കുന്നതു?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ഒരു കുടുംബത്തിൽ ൪ സ്ത്രീകൾ ശേഷിച്ചുഎന്നു വിചാരിക്കുക. അതിൽ ഒരു സ്ത്രീ ആകുടുംബത്തിൽതന്നെ ജനിച്ചു് അവിവാഹിതയായിട്ടിരിക്കുന്നു. ശേഷമുള്ള മൂന്നു പേരും വിധവകളാണ്. ഈ നാലുപേരിൽ ആകുടുംബത്തിൽ ജനിച്ചസ്ത്രീയ്ക്കാണ് വയസ്സു കൂടുതലെങ്കിൽ മുപ്പവകാശം അവർക്കുകൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT: അങ്ങനെ തന്നെയാണല്ലൊ ചെയ്യുന്നത്.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): എന്നാൽ ഒരുകുടുംബത്തിൽ വിവാഹം കഴിച്ചു കൊണ്ടുവന്നസ്ത്രീയുടെ ന o വയസ്സായി. ആ കുടുംബത്തിൽതന്നെ ജനിച്ചസ്ത്രീയുടെ ഫ ൻവയസ്സുമായി. ഈ അറുപതു വയസ്സായസ്ത്രീ കുടുംബത്തിൽ വന്നിട്ട് ര കൊല്ലമേ ആയിട്ടുള്ളു. അങ്ങിനെ വരുമ്പോൾ ആകന്യകയുടെതന്നെ മുപ്പവകാശം കൊടുക്കണം.

MR. A. THANU PILLAI (*Trivandrum*): പുരുഷന്മാരില്ലാത്ത ഒരില്ലത്തിൽ ഫ ൈ വയസ്സുപ്രായമുള്ള ഒരു കന്യകയും; വിവാഹംകഴിഞ്ഞു് നാലുവർഷമേ ആയിട്ടുള്ളു, എന്നാൽ ഫ ള വയസ്സുമായി, അങ്ങിനെയുള്ള ഒരു വിധവയും ഉണ്ട്, ഈ കന്യകയുടെ പ്രായപൂത്തിയാകാത്തതുകൊണ്ടു മുപ്പവകാശംകൊടുക്കാൻ പാടില്ല. ഈ വിധവ കാരണവത്തിയാകുന്നു?

DEPUTY PRESIDENT: വിധവയുടെ ഈ കണക്കനുസരിച്ചു ര വയസ്സേ ആയിട്ടുള്ളു.

MR. A. THANU PILLAI (*Trivandrum*): അതേ. ആകന്യകയുടെ ഫ വ വയസ്സാകുമ്പോൾ ആ കാരണവസ്ഥാനം മാറികൊടുക്കാമൊ? അതല്ല, ഒരിക്കൽ കാരണവസ്ഥാനം ലഭിച്ചആൾതന്നെ അതിൽ തുടർന്നു ഇരിക്കണോ; എങ്ങിനെയാണു വേണ്ടതു്?

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): അപ്പോൾ രണ്ടുപേരും മൈനറാണല്ലൊ.

DEPUTY PRESIDENT: മി. ആശാൻ പറഞ്ഞതു ശരിയാണു. രണ്ടുപേരും മൈനറാണു്. ഒരാൾക്കു ഫ ൈ വയസ്സേ ആയിട്ടുള്ളു; മറേ ആൾക്കു ര വയസ്സേ ആയിട്ടുള്ളു.

MR. A. THANU PILLAI (*Trivandrum*): അതേ മൈനറെ കാരണവസ്ഥാനത്തു നിയമിക്കാൻ ഇപ്പോഴത്തെ നിയമം സമ്മതിക്കുന്നില്ല. മേജറാകുന്നകാലംവരെ മൈനാറിട്ടി അഡ്മിനിസ്ട്രേഷനായിട്ടാണോ കഴിക്കേണ്ടതു്?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): കന്യക മേജറാവുമ്പൊൾ ആകന്യകയുടെതന്നെ കൊടുക്കണം. വയസ്സായസ്ത്രീയുടെ കിട്ടുന്നതല്ല.

MR. A. THANU PILLAI (*Trivandrum*): അപ്പോൾ പ്രായപൂത്തിയായ ഒരു സ്ത്രീ കുടുംബത്തിൽ ഉണ്ടായിരിക്കുമ്പൊൾ കാരണവസ്ഥാനം ലഭിക്കാനിടയില്ല എന്നാണോ പറയുന്നതു്?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): കന്യകയുടെ ഫ ൈ വയസ്സും വിധവയുടെ ര വയസ്സും പ്രായമായതുകൊണ്ടു് ആ കന്യകയുടെതന്നെ ഫ വ വയസ്സാകുമ്പോൾ കാരണവസ്ഥാനം കൊടുക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): വിവാഹം ചെയ്തുകൊണ്ടുവരുന്നവരുടെ വിവാഹത്തീയതിയെമാത്രം ഗണിച്ചാൽ മതിഎന്ന വ്യവസ്ഥചെയ്താൽ മതിയോ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): മതി.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): ഇപ്പോഴത്തെ രീതിയനുസരിച്ചു മൈനാറിട്ടിയും മെജാറിട്ടിയും നിശ്ചയിക്കുന്നതിൽ തക്കം വരുമ്പോൾ ഇപ്പൊഴത്തെ നടപ്പിനു വിപരീതമായിവരുമെന്നുപറയുന്നു. വാസ്തവത്തിൽ വിധവയ്ക്കു ൧൪ വയസ്സും കുടുംബത്തിൽ ജനിച്ചകന്യകയ്ക്കു ൧൦ വയസ്സും കാണും. അപ്പൊഴും ആ വിധവയ്ക്കുതന്നെ സീനിയാറിട്ടികൊടുക്കരുതോ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): കുടുംബത്തിൽ ഒരുസ്ത്രീ ഏതു തീയതിയിൽ അംഗമായി തീരുന്നുവോ അന്നുമുതല്ക്കാണ് അവകാശം കണക്കാക്കേണ്ടതു്?

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): ഇപ്പോഴത്തെരീതിയനുസരിച്ചു കുടുംബത്തിൽ ജനിച്ചകന്യകയ്ക്കു അവകാശമില്ലെന്നല്ലേ വയ്പ്? അതിനെ ഇപ്പോഴും ഭേദപ്പെടുത്തുന്നു. ആസ്ഥിതിയ്ക്കു വയസ്സുമുപ്പനുസരിച്ചു മൂപ്പവകാശം കൊടുക്കയല്ലെ ഉത്തമമായിട്ടുള്ളതു്?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): വിധവകളുടെ വയസ്സു നിശ്ചയിക്കേണ്ടതു് വിവാഹം കഴിഞ്ഞ തീയതിമുതലാണ് എന്നുവയ്ക്കണം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): മി: ഉപ്പൻനംപൂതിരിപ്പാടു പറയുന്നതുപോലെ വിവാഹംകഴിച്ചതീയതിമുതലാണു വിധവകളുടെ വയസ്സു നിശ്ചയിക്കേണ്ടതെങ്കിൽ വേറെ ഒരു ദോഷംകൂടിയുണ്ടു്. ഒരു സ്ത്രീയെ ൨൦ വയസ്സിൽ വിവാഹം ചെയ്തുകൊണ്ടുവന്നു. ൨൫-ാമത്തെ വയസ്സിൽ ഭർത്താവു മരിച്ചു വിധവയായിട്ടുതീരുന്നു. അങ്ങനെവരുമ്പോൾ ആ സ്ത്രീ മൈനർ ആണല്ലൊ. അപ്പോൾ ഒരു രക്ഷകർത്താവിനെ നിയമിക്കേണ്ടിവരും.

DEPUTY PRESIDENT: അതു് അവർ ആലോചിക്കുന്നില്ല. അന്യകുടുംബത്തിൽനിന്നും കൊണ്ടുവരുന്ന ഒരു സ്ത്രീയ്ക്കു കുടുംബത്തിൽ ജനിച്ച ഒരു സ്ത്രീയേക്കാൾ കൂടുതൽ സ്വാതന്ത്ര്യം കൊടുക്കാൻ പാടില്ലെന്നാണ് അവരുടെ അഭിപ്രായം. ഇതുവരെ ഉണ്ടായിരുന്ന നടപ്പു കുടുംബത്തിൽ ജനിച്ചവർക്കു അവകാശമില്ലെന്നായിരുന്നു.

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): സന്ന്യാസിമഠങ്ങളിലും മറ്റും.....

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT : സന്ന്യാസിമഠങ്ങൾക്കും ഗൃഹസ്ഥാശ്രമത്തിനും തമ്മിൽ യാതൊരു സംബന്ധവുമില്ല. വിധവമാർ. തങ്ങളിലുള്ള വയസ്സുമൂപ്പു നിശ്ചയിക്കുന്നതു് ആരു് ആ കുടുംബത്തിൻ വിവാഹത്താൽ ആദ്യമായി വന്നുചേന്നോ അവക്കാണു മൂപ്പവകാശമുള്ളതു എന്നുപറയുക. അല്ലാതെ സന്ന്യാസിമഠങ്ങളെ താരതമ്യപ്പെടുത്തേണ്ട ആവശ്യമില്ല.

MR. A. G. MENON (*Parur*): When once you admit that principle among widows, why not extend it to other female members also?

DEPUTY PRESIDENT: ആദ്യമായിട്ടു നോക്കേണ്ടതു് ഒരു സ്ത്രീ ഒരു കുടുംബത്തിൽ അംഗമാണോ അല്ലയൊ എന്നുള്ളതാണു്. വിവാഹംകൊണ്ടും ജനനംകൊണ്ടും ഒരു സ്ത്രീയ്ക്കു് ഒരു കുടുംബത്തിലെ അംഗമാകാം.

MR. A. G. MENON (*Parur*): Then among widows also the date of marriage should not be the standard.

DEPUTY PRESIDENT: We feel absolutely upset. Why not enforce the rules and standing orders?

Go on, Mr. Namputiripad. What have you to say with regard to Mr. Nilakanta Pillai's amendment? Do you oppose it?

MR. A. THANU PILLAI (*Trivandrum*): സിലക്ടു് കമ്മിറ്റിയിൽ നിന്നും എഴുതീട്ടുള്ള ക്ലാസുതന്നെ എങ്ങനേയാണു വ്യാഖ്യാനിക്കേണ്ടതെന്നു ആലോചിച്ചതിൽ പിന്നീടു ഈ ഭേദഗതിയെപ്പറ്റി ആലോചിച്ചാൽ മതി. സിലക്ടു് കമ്മിറ്റിയിലെ ക്ലാസ്സു് ഇതാണു്—

"3. 'Karanavan' means the senior male member of the *Illom* in whom the headship of the *Illom*, the right of management of its affairs and the possession of the properties thereof are vested in law, and, in the absence of such male member, the senior major female member."

ഇവിടെ യാതൊരു വ്യത്യാസവും വരുത്തുന്നില്ലെങ്കിൽ കുടുംബത്തിൽ പ്രായം അധികമുള്ള പുരുഷൻ ഇല്ലാത്തപക്ഷം പ്രായം അധികമുള്ള സ്ത്രീകൾ എന്നമാത്രമെഅർത്ഥമാകുന്നുള്ളു. എന്നാൽ എക്സ്പ്ലനേഷൻ—

"Explanation: The seniority of females who have become members of the *Illom* by marriage shall be determined with reference to the date of marriage".

വിവാഹംകൊണ്ടു കുടുംബത്തിൽ അംഗമായിട്ടുള്ള സ്ത്രീകളുടെ സീനിയാറിട്ടി വിവാഹത്തീയതിയെ അടിസ്ഥാനപ്പെടുത്തി കണക്കാക്കണം എന്നുപറയുന്നു. ഇതിൽ എനിക്കുള്ള സംശയം വിവാഹംമൂലംഅവകാശമുള്ള സ്ത്രീകളും കുടുംബത്തിൽ ജനിച്ച സ്ത്രീയും തമ്മിൽ തക്കമുണ്ടാകുമ്പോൾ എങ്ങിനെയാണു തീരുമാനിക്കുന്നതു് എന്നുള്ളതാണു്.

MR. G. PARAMESVARAN PILLAI (*Ag. Additional Head Sirkar Vakil*): സിലക്ട കമ്മിറ്റിയിൽ വച്ചാണു് ഈ എക്സ്പ്ലനേഷൻ ആദ്യമായിട്ട

LIBRARY ARCHIVES Kerala Legislative Assembly

[Mr. G. Paramesvarn Pillai.]

ചേത്തത്. വിവാഹംകൊണ്ട് ഇല്ലത്തിൽ അംഗങ്ങളാകുന്ന സ്ത്രീകളെ സംബന്ധിച്ചടത്തോളം ആക്കാണ സീനിയാറിട്ടി കൊടുക്കേണ്ടതെന്നുള്ള ചോദ്യംമാത്രമെ അവിടെ കൊണ്ടുവന്നിട്ടുള്ളു. അതിനേസംബന്ധിച്ചു ഒരു വാദപ്രതിവാദം നടത്തിയശേഷമാണ് ഈ എക്സപ്ലനേഷൻ ഇവിടെ ചേത്തത്.

"Explanation: The seniority of females who have become members of the *Illom* by marriage shall be determined with reference to the date of marriage".

ഈ കാര്യംമാത്രമെ സിലക്ട് കമ്മിറ്റിയുടെ ആലോചനയ്ക്കു വിഷയീഭവിച്ചിട്ടുള്ളു. ബാക്കിയുള്ള സംഗതികൾ ഇപ്പോഴത്തെ നടപ്പുപോലെ നടത്തിക്കൊള്ളുകയെന്ന അന്നു തീർച്ചപ്പെടുത്തിയതായിട്ടാണ കാണുന്നത്. ആദ്യത്തെ ബില്ലിൽത്തന്നെ ഫസ്റ്റ്–ാമത്തെ ക്ലാസിൽഒരു പ്രൊവിഷൻ ഉണ്ടായിരുന്നു. അതിനനുസരണമായിട്ടാണ് ഈ എക്സ്പ്ലനേഷൻഇവിടെ ചേത്തുകാണുന്നത്. അതിനാൽ എനിക്കുതോന്നുന്നതു സിലക്ട് കമ്മിറ്റിയിൽവച്ചു ആലോചിച്ചതനുസരിച്ചു വിവാഹംകൊണ്ടുമാത്രം ഇല്ലത്തിൽ അംഗങ്ങളാകുന്ന സ്ത്രീകളെ സംബന്ധിച്ചടത്തോളം ഇന്നതരത്തിൽവേണം സീനിയാറിട്ടി നിശ്ചയിക്കേണ്ടതെന്നുള്ളതു സമ്മതിക്കയും ശേഷം ഭാഗങ്ങളെ സംബന്ധിച്ച് ഇപ്പോഴും അവരുടെ സമുദായത്തിലുള്ള നടപ്പനുസരിച്ചു നടക്കയും ചെയ്യകൊള്ളട്ടെ എന്നാണ്?

DEPUTY PRESIDENT: അതു് ഇപ്പോഴം ഭേദപ്പെടുത്താം. കുടുംബത്തിൽ ജനിച്ചിട്ടുള്ള സ്ത്രീകൾക്കും അവകാശം കൊടുക്കാമെന്നല്ലെ അവർപറയുന്നതു്?

MR. G. PARAMESVARAN PILLAI (*Ag. Additional Head Sirkar Vakil*): അവർ പറയുന്നതെന്നേയുള്ളു. അങ്ങിനേയുള്ള വകുപ്പുകളൊന്നും ഇതിൽകാണുന്നില്ല.

DEPUTY PRESIDENT: ഇവിടെ കാണുന്നു.

"Nothing in this Regulation shall affect existing rules of law, custom or usage except to the extent herein before provided for".

It is an equitable provision. Why not provide for it? The members of the community are agreeable to it.

MR. G. PARAMESVARAN PILLAI (*Ag. Additional Head Sirkar Vakil*): ഇതിനുമുമ്പു ഇങ്ങനെയൊന്നും കണ്ടില്ല.

DEPUTY PRESIDENT: ഒരു കുടുംബത്തിൽ ജനിച്ച സ്ത്രീകളെ അംഗമായിട്ടു സമ്മതിക്കാൻ തയ്യാറുണ്ടോ?

MR. G. PARAMESVARAN PILLAI (*Ag. Additional Head Sirkar Vakil*): ഉണ്ടെന്നും ഇല്ലെന്നും പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT : കസ്റ്റമറി ലാ അനുസരിച്ച് ഇല്ലാ എന്നാണു പറയുന്നത്.

MR. A. THANU PILLAI (*Trivandrum*): അവർ പറയുന്നതിനുള്ള അടിസ്ഥാനമില്ല. ഈ എക്സപ്ലനേഷന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ഇതിൽ പറയുന്നതു രണ്ടു വിധവകൾ തമ്മിലുള്ള തർക്കത്തെപ്പറ്റിയാണ്. വിധവയും കുടുംബത്തിൽ ജനിച്ച കന്യകയും തമ്മിൽ ഉള്ള മുപ്പവകാശത്തെപ്പറ്റി ഒന്നുംതന്നെ പറയുന്നില്ല.

DEPUTY PRESIDENT: This Regulation does not over-ride customs and usages that is expressly in Clause 21 of the Bill.

MR. A. THANU PILLAI (*Trivandrum*):

"In the absence of such male member the senior major female member"

Explanation—The seniority of females who have become members of the *Illom* by marriage shall be detrmined with reference to the date of marriage.

ഇതിനെ എങ്ങിനെയാണു വ്യാഖ്യാനിക്കേണ്ടതു?

DEPUTY PRESIDENT : ഇതു തർക്കത്തിൽ വരുമ്പോൾ കോടതിയിൽ പോയി തർക്കം തീർത്തു കൊള്ളണമെന്നാണ് പറയുന്നത്.

MR. A. THANU PILLAI (*Trivandrum*): കുടുംബത്തിൽ ജനിച്ചവർക്ക് അവകാശമില്ല എന്നുള്ള അടിസ്ഥാനത്തിന്മേലല്ല സിലക്ട് കമ്മിറ്റി ഇതെഴുതിയിട്ടുള്ളതു.

The seniority of females shall be determined with reference to the date of marriage എന്നുമാത്രമേ പറഞ്ഞിട്ടുള്ളു. സിലക്ട് കമ്മിറ്റിമെമ്പർമാർ ആരെങ്കിലും ഇവിടെ ഉണ്ടായിരുന്നാൽ അതിനെപ്പറ്റി ഒന്നു വിവരിച്ചുപറഞ്ഞാൽ കൊള്ളാം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): May I know what it is that Mr. Thanu Pillai suggests now?

MR. A. THANU PILLAI (*Trivandrum*) : അതിന്റെ അർത്ഥം തന്നെ മനസ്സിലാകുന്നില്ല. പിന്നെ എങ്ങിനെയാണ് ഭേദപ്പെടുത്തുക?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : അർത്ഥം നല്ലവണ്ണം വന്നില്ലെങ്കിൽ അർത്ഥം ശരിയായി വരത്തക്കവണ്ണം ഒന്നുചേർക്കണം.

MR. A. THANU PILLAI (*Trivandrum*): കുടുംബത്തിൽ ജനിച്ചവർക്ക് അവകാശമില്ലെന്നുള്ള രൂപത്തിലാണ് സിലക്ട് കമ്മിറ്റി ഇതു എഴുതിയതു എന്നു തോന്നുന്നില്ല.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): സിലക്ട് കമ്മിറ്റിയിൽ ഈ സംഗതിയെപ്പറ്റി വാദപ്രതിവാദം നടന്നിട്ടുണ്ട്. അന്നു ക

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Tuppan Namputiripad.]

ഡുംബത്തിൽ ജനിച്ചവക്ക് അവകാശമില്ല എന്നപറഞ്ഞല്ല തള്ളിയത്. നേരെമറിച്ച് കഡുംബത്തിൽ ജനിച്ച ഒരു സ്ത്രീയ്ക്ക് അവകാശം കൊടുക്കയാണെങ്കിൽ തന്നെയും അതു സ്വല്പകാലത്തേയ്ക്കു കാണുകയുള്ളു. എന്തുകൊണ്ടെന്നാൽ ഈ സ്ത്രീ വിവാഹിതയായി പോകുമ്പോൾ കാരണവസ്ഥാനം ഒഴിയേണ്ടിവരും. അതുകൊണ്ടു ഈ സ്ത്രീയ്ക്ക് സ്ത്രീധനത്തിനു മാത്രമേ അവകാശമുള്ളു. ആ അവകാശത്തിനു യാതൊരു ന്യൂനതയും സിലക്ട് കമ്മിറ്റിവരുത്തിയിട്ടില്ല. ഈ സംഗതിയെ പരിഗണിച്ചാണ് കഡുംബത്തിൽ ജനിച്ചിട്ടുള്ള സ്ത്രീകളുടെ അവകാശത്തെപ്പറ്റി വിശേഷവിധിയായി ഒന്നും കല്പിക്കാതിരുന്നത്.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*) : I wish to know whether the House is to accept the suggestion of Mr. Tuppan Namputiripad or not? If that is accepted then everything would be clear. He has explained his position very clearly.

DEPUTY PRESIDENT : Please translate it for us.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*) : മി. ഉപ്പൻ നമ്പൂതിരിപ്പാട് പറഞ്ഞത് ഒരു കഡുബത്തിൽ ജനിച്ച ഒരു സ്ത്രീയും വിവാഹം കഴിച്ചുകൊണ്ടുവന്നിട്ടുള്ള ഒരു സ്ത്രീയും ഉണ്ടെങ്കിൽ ആ ജനിച്ച സ്ത്രീയുടെ വയസ്സു കണക്കാക്കി അവരുടെ മുപ്പവകാശം നിശ്ചയിക്കണമെന്നും, വിവാഹംചെയ്തു ഒരു കഡുബത്തിൽ വന്നിട്ടുള്ള രണ്ടു വിധവകളുടെ മുപ്പവകാശം അവരുടെ വിവാഹത്തീയതിയെ അടിസ്ഥാനപ്പെടുത്തിനിശ്ചയിക്കണമെന്നുമാണ്.

I have drafted an amendment If you permit me, Sir, I will read it out.

DEPUTY PRESIDENT : I will gladly allow you. But do you accept the soundness of the principle that the age of females in the family shall be determined with reference to the date of marriage and not with reference to the date of birth? Is the House prepared to agree to it as a general principle ?

MR. R. KESAVA PILLAI (*Kottarakkara* cum *Kunnattur*) : That should be considered by the House.

DEPUTY PRESIDENT : കുടുബത്തിൽ ജനിച്ചസ്ത്രീ ആ കുടുബത്തിലെ അംഗമാണോ എന്നാണ് ആദ്യമായി നോക്കേണ്ടതു്.

MR. K. P. NILAKANTA PILLAI (*Chirayinkil*) : All those stages are over.

MR. R. KESAVA PILLAI (*Kottarakkara* cum *Kunnattur*) : They are not over.

MR. K. P. NILAKANTA PILLAI (*Chirayinkil*) : When we defined 'Karanavan' we recognised the right of the females. The Karanavan has been defined to be the senior major *male* member. That was recognised when Clause 12 was settled.

LIBRARY ARCHIVES Kerala Legislative Assembly

MR. G. PARAMESVARAN PILLAI (*Ag. Additional Head Sirkar Vakil*): But, Sir, Clause 2 sub-clause (3) which defines the term 'Karanavan' has not been settled.

DEPUTY PRESIDENT : We deleted Clause 12.

MR. R. KESAVA PILLAI (*Kottarakkara* cum *Kunnattur*) : Clause 12 related to maintenance of a Grahastha, his wife and children.

MR. A. THANU PILLAI (*Trivandrum*) : The Clause was deleted because the Clause defining grahastha has been deleted and therefore it was found to be unnecessary.

DEPUTY PRESIDENT : Female members of the family mean and include females born in the family and females married into the family. എന്ന പാസാക്കുന്നതു എല്ലാവർക്കും സമ്മതമാണോ?

MR. R. KESAVA PILLAI (*Kottarakkara* cum *Kunnattur*) : നമ്പൂതിരിമെമ്പർമാർ മൂന്നുപേരും യോജിക്കുന്നുണ്ടോ?

DEPUTY PRESIDENT : അവർ മൂന്നു പേരും യോജിക്കുന്നുണ്ട്. Mr. Paramesvaran Pillai, please bring forward an amendment.

MR. G. PARAMESVARAN PILLAI (*Ag. Additional Head Sirkar Vakil*) : The amendment will be as follows :

"Explanation 1 to sub-clause 3, Clause 2. Female members of an *Illom* mean and include females born in the *Illom* but unmarried and females married into the *Illom*."

MR. R. KESAVA PILLAI (*Kottarakkara* cum *Kunnattur*) ; I second the amendment.

MR. A. G. MENON (*Parur*) : I support that proposition. Most of my friends on this side of the House .....

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): മലയാളത്തിൽ സംസാരിക്കണം.

MR. A. G. MENON (*Parur*): ഹിന്ദുലാപ്രകാരം സ്ത്രീകൾക്കു അനുവദിച്ചിട്ടുള്ള അവകാശം പോരാ. അതുകൊണ്ട് ഹിന്ദുലാ മാറേണ്ടതാണെന്നു ഒരു അഭിപ്രായമുള്ളതായി ഇവിടെയുള്ള മെമ്പർമാരെല്ലാം അറിഞ്ഞിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. അതിലേക്ക് ഒരു ബിൽതന്നെ ലജിസ്ലേറ്റീവ് അസംബ്ളിയിൽ അവതരിപ്പിച്ച എന്നുകൂടി ഞാൻ അറിഞ്ഞിട്ടുണ്ട്. മഹമ്മദൻ ലാ പോലെ ആൺകുട്ടികളെപോലെതന്നെ പെൺമക്കൾക്കും ഒരവകാശം മാതാപിതാക്കന്മാരുടെ സ്വത്തിൽഉണ്ടായിരിക്കണമെന്നു ഒരു വാദംനടപ്പുണ്ട്. ഏതായാലും ഒരഛനിൽനിന്നും ഒരമ്മയിൽനിന്നും ജനിക്കുന്ന സന്താനങ്ങളിൽ ആൺമക്കൾക്കുമാത്രം സ്വത്തവകാശം കൊടുക്കണമെന്നും പെൺമക്കൾക്കു വല്ലതുംകൊടുത്തു പുറത്തയച്ചാൽമതിഎന്നും വയ്ക്കുന്നതു വലിയ അന്യായമാണ്. ഇതു പ്രകൃതിവിരുദ്ധംകൂടിയാണ്.

DEPUTY PRESIDENT: You are travelling away from the ground. Do you support the amendment or not?

LIBRARY ARCHIVES Kerala Legislative Assembly

MR. A. G. MENON (*Parur*): I support the amendment.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ഇപ്പോൾ ഇവിടെകൊണ്ടുവന്നിട്ടുള്ള ഭേദഗതി ഇംഗ്ലീഷിലാണ് തയ്യാറാക്കിയിട്ടുള്ളതു്.

DEPUTY PRESIDENT: മലയാളത്തിൽ പറയാം.

കുടുംബത്തിലെ സ്ത്രീ അംഗങ്ങൾ എന്നുപറയുന്നതിൽ കുടുംബത്തിൽ ജനിച്ചു വിവാഹംകഴിയാത്ത കന്യകയും, കല്യാണംകഴിച്ചു അന്യകുടുംബങ്ങളിൽനിന്നും കൊണ്ടുവന്നിട്ടുള്ളവരും ഉൾപ്പെടും എന്നാണ്.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ഇതിനെ ഞാൻ അനുകൂലിക്കുന്നുണ്ടു്. എന്നാൽ മി. മേനവന്റെ . . . .

DEPUTY PRESIDENT: അതിപ്പോൾ പറയേണ്ടാ.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): ഞാനും ഇതു് സ്വീകരിക്കുന്നു.

MR. G. P. NILAKANTA PILLAI (*Karunagapalli*): ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഒരു കുടുംബത്തിൽ ജനിച്ചിട്ടുള്ള സ്ത്രീയുടെ സകല സ്വത്തുക്കളും വിവാഹംചെയ്യുമ്പോൾ അന്യകുടുംബത്തിൽ കൊണ്ടുപോകാൻ സാധിക്കും.

DEPUTY PRESIDENT: വിവാഹം കഴിയുന്നതോടുകൂടി ആ സ്ത്രീ ആ കുടുംബത്തിലെ അംഗമല്ലാ എന്നുവരുന്നില്ലേ?

MR. G. P. NILAKANTA PILLAI (*Karunagapalli*): അതേ. അതുകൊണ്ടു സന്താനമുള്ള വിധവകൾ കുടുംബത്തിന്റെ അഭിവൃദ്ധിയിൽ കാണിക്കുന്ന താല്പര്യം അവിവാഹിതകളായ സ്ത്രീകൾക്കു ഉണ്ടാവുകയില്ല. കാരണം അവരെ അന്യകുടുംബത്തിൽനിന്നും ആരെങ്കിലും വിവാഹംചെയ്തുകൊണ്ടു പോയേക്കുമെന്നുള്ളതാണ്. അതുകൊണ്ടു് അവർ കുടുംബസ്വത്തുതന്നെ നശിപ്പിക്കാൻ നോക്കിഎന്നുംവരാം.

MR. K. P. NILAKANTA PILLAI (*Chirayinkil*): എല്ലാ അംഗങ്ങൾക്കും കുടുംബത്തിൽനിന്നും വസ്തു വീതിച്ചുവാങ്ങിക്കാൻ അവകാശമുണ്ടെന്നറിയാമൊ?

MR. G. P. NILAKANTA PILLAI (*Karunagapalli*): പ്രത്യേകമായിട്ടു ചിലവിനുചോദിക്കാനും, സ്ത്രീധനം ചോദിച്ചുമേടിക്കുവാനും അവകാശമുണ്ടു്. എന്നാൽ പ്രത്യേകം വസ്തുക്കൾ ഭാഗമായി വീതിക്കാനുള്ള അവകാശം ബില്ലിൽഉണ്ടെന്നു മി. കെ. പി. നീലകണ്ഠപ്പിള്ള പറയുന്നുണ്ടു്.

DEPUTY PRESIDENT: അങ്ങിനെ പറഞ്ഞില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NILAKANTA PILLAI (*Chirayinkil*): ഭാഗംഎന്നുപറഞ്ഞില്ല.

The Clause is as follows:

"Any member of an *Illom* shall be entitled to get a separate allotment of the properties of the *Illom* for his or her maintenance."

DEPUTY PRESIDENT: And a daughter will be entitled to maintenance only if you declare her to be a member of the family until marriage.

MR. G. P. NILAKANTA PILLAI (*Karunagapalli*): അതുകൊണ്ടു കൂട്ടംബത്തിലെ കാരണവസ്ഥാനം അവിവാഹിതകളായ സ്ത്രീകൾക്കു ലഭിക്കയാണെങ്കിൽ മറുള്ള അംഗങ്ങൾക്കുള്ളപോലെ കുടുംബസ്വത്തിനെസംബന്ധിച്ചുള്ള ഒരു താല്പര്യം ഇവക്കുണ്ടാകുന്നതല്ല.

MR. A. THANU PILLAI (*Trivandrum*): ഇല്ലത്തിൽ വിവാഹംചെയ്തുകൊണ്ടുവരുന്ന സ്ത്രീകളുടെ സന്താനങ്ങൾക്കു ഭാവിയിൽ കാരണവസ്ഥാനം ലഭിക്കാൻ ഇടയുണ്ട്. അവിവാഹിതകളായ സ്ത്രീകൾക്കു ഒരുകാലത്തു ഇല്ലത്തുനിന്നും പിരിഞ്ഞുപോകാനും ഇടയുണ്ട്. അതുകൊണ്ട് ഇല്ലത്തിൽ ജനിച്ച സ്ത്രീകൾക്ക് ചിലവിനുചോദിക്കാനുള്ള അവകാശവും, വിവാഹം ചെയ്തുപോകുന്ന അവസരത്തിൽ, ഇപ്പോൾ നടപ്പുള്ളതുപോലെ സ്ത്രീധനം ചോദിക്കാനുള്ള അവകാശവും കൊടുക്കണമെന്നാണോ പറയുന്നതു?

DEPUTY PRESIDENT: Your position is that for all practical purposes, a lady born in the *Illom* is not interested in the conservation of the family endowments because any day she may go out of the *Illom*; on the other hand, a lady married into the family is deeply interested in conserving them, because the endowments are conserved for the benefit of her sons. Therefore a lady born in the *Illom* should not under any circumstances be entitled to the management of the *Illom*. That is your argument—is it not, Mr. G. P. Nilakanta Pillai?

MR. G. P. NILAKANTA PILLAI (*Karunagapalli*): Yes.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): അവിവാഹിതകളായ സ്ത്രീകൾ കുടുംബത്തിലെ മാനേജ്മെൻറിനർഹതയുള്ളവരായിട്ടു വരുന്ന അവസരംതന്നെ വളരെ ചുരുക്കമാണ്. പുരുഷന്മാർ ആ കുടുംബത്തിൽ ഇല്ലാതെവരികയും വിവാഹിതകളായ സ്ത്രീകൾക്കു മുമ്പു പറഞ്ഞതുപോലെ കുടുംബഭരണത്തിനു അർഹതയില്ലാതെ വരികയും ചെയ്യുന്ന സന്ദർഭത്തിൽമാത്രമേ അവിവാഹിതയായ സ്ത്രീക്കു മുപ്പവകാശം ലഭിക്കയുള്ളു. അതുകൊണ്ടു ഈ എതിർപ്പിനെ ഗണിക്കേണ്ടതുണ്ടോ എന്നു ഞാൻ സംശയിക്കുന്നു.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): അവിവാഹിതകളായസ്ത്രീകൾ നമ്പൂതിരി ഇല്ലങ്ങളിൽ ധാരാളമുണ്ടെന്നു കഴിഞ്ഞതവണ നമ്പൂതിരിമെമ്പർമാർതന്നെ പറഞ്ഞിട്ടുള്ളതായിട്ടു ഓർക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT : അതിനു എന്തുവേണം?

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : അവിവാഹിതകളായ സ്ത്രീകൾക്കു മൂപ്പുലഭിക്കാനുള്ള അവസരം വളരെ ഉർല്ലഭമായിട്ടേ വരികയുള്ളു എന്നുപറഞ്ഞു. അതു തെറ്റാണ് എന്നു കണിക്കേണ്ട ആവശ്യമുണ്ട്.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*) : അവർ ധാരാളമുള്ള അവസരത്തിൽ അവരുടെകാര്യംകൂടി പ്രത്യേകം ഗൌനിക്കണം. അല്ലാത്തപക്ഷം അതു അവരോടു കാണിക്കുന്ന ഒരു വലിയ അപരാധമായിരിക്കും.

DEPUTY PRESIDENT : Therefore, you support the amendment, Mr. Kesava Pillai?

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*) : Yes.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : മി. ജി. പി. നീലകണ്ഠപ്പിള്ളയുടെ അഭിപ്രായത്തോടു ഞാനും യോജിച്ചുകൊള്ളുന്നു. നമ്പൂതിരി ഇല്ലങ്ങളിൽ വിവാഹംകഴിയാത്ത സ്ത്രീജനങ്ങൾ ധാരാളംഉണ്ടെന്നു നമ്പൂതിരിമെമ്പർമാർതന്നെ ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ട്. അതു മറ്റുള്ളവക്കു എല്ലാവക്കും അറിയാവുന്നതുമാണ്. അവരെ ഇത്രവയസ്സിൽ വിവാഹംചെയ്യ അയക്കണമെന്നു ഒരു നിർബന്ധവും ആ സമുദായത്തിലില്ല. എത്രവയസ്സായാലും വിവാഹംചെയ്യാമെന്നുള്ള ഒരു നടപ്പാണ് ആ സമുദായത്തിൽ കണ്ടുവരുന്നതു്. ആ നിലയ്ക്കു ഒരു കുടുംബത്തിൽ വന്നുചേരുന്ന വിധവകളും അവിവാഹിതകളായ സ്ത്രീജനങ്ങളുടെ സംരക്ഷണത്തിൽ ഇരിക്കയെന്നുള്ളതു് അത്ര നല്ലതായ ഒരു ഏർപ്പാടല്ല.

DEPUTY PRESIDENT : മരുമക്കത്തായകുടുംബങ്ങളിൽ അകന്ന ശേഷക്കാരുടെ സന്താനങ്ങളേയും മറ്റും സംരക്ഷിക്കണമെന്നു പറയുന്നതിൽ നിന്നും ഇതു വലിയ തെറ്റായിട്ടുള്ളതല്ല.

MR. K. P. NILAKANTA PILLAI (*Chirayinkil*) : അവിവാഹിതകളായ സ്ത്രീകളെ എളുപ്പത്തിൽ വിവാഹംചെയ്യകൊടുക്കുന്നതിൻ വേണ്ട നടപടികളും ഈ ബില്ലിൽ സ്വീകരിച്ചിട്ടുണ്ടെന്നറിയാമോ?

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : ഉടൻപൂവ്വം വിവാഹംചെയ്യകൊടുക്കാൻ അധികാരമുള്ളവക്കു അവിവാഹിതകളായ സ്ത്രീകളെ വിവാഹംചെയ്യകൊടുക്കാൻ അവകാശമുണ്ടെന്നുംമറ്റും പല വ്യവസ്ഥകളും ഈ ബില്ലിൽ ചേത്തിട്ടുണ്ട്. അങ്ങിനെ ഉടൻപൂവ്വം വിവാഹംചെയ്യകൊടുക്കാൻ നിവൃത്തിയില്ലാതെവരുന്ന ഒരു ഘട്ടത്തിലാണ്

LIBRARY ARCHIVES Kerala Legislative Assembly

ഈ ഭരണം കയ്യേൽക്കേണ്ടിവരുന്നതു്. അങ്ങിനെയിരിക്കെ സന്താനങ്ങളുള്ള ഒരു വിധവ അവിവാഹിതയായ ഒരു സ്ത്രീയുടെ സംരക്ഷണത്തിൽ ഇരിക്കത്തക്കവണ്ണമുള്ള ഒരു വ്യവസ്ഥ ഉണ്ടാക്കിവയ്ക്കരുതു്. കുടുംബസ്വത്തു വിധവകളുടെ സന്താനങ്ങൾക്കും അവകാശമുള്ളതാണു്.

DEPUTY PRESIDENT : ഒരു കുടുംബത്തിൽ വിവാഹംകഴിയാത്ത സ്ത്രീയ്ക്കു ൬൦ വയസ്സും വിധവയ്ക്കു ൫൦ വയസ്സുമായി. അപ്പോൾ ഈ ൬൦ വയസ്സായ സ്ത്രീ ൫൦ വയസ്സായ വിധവയുടെ സംരക്ഷണയിൽ ഇരിക്കണമെന്നാണോ പറയുന്നതു്?

Mr. A. C. KURIAKOSE (*Minachil cum Devicolam*) : ഒരു കുടുംബത്തിൽ ൬൦ വയസ്സായ അവിവാഹിതയായ സ്ത്രീയും വിവാഹംകഴിഞ്ഞ ൫൦ വയസ്സായ ഒരു വിധവയും ഉണ്ടു്. ആ വിധവയ്ക്കു പ്രായപൂർത്തിവരാത്ത സന്താനങ്ങളും ഉണ്ടു്. അങ്ങിനെവരുമ്പോൾ ഈ ൬൦ വയസ്സായ സ്ത്രീ ഇവരെ ഭരിച്ചുകൊണ്ടുപോകണമെന്നല്ലേ ഇപ്പോഴത്തെ വ്യവസ്ഥകൊണ്ടുവരുന്നതു്?

Mr. K. N. KESAVAN NAMPUTIRIPAD (*Jenmies*) : പുരുഷന്മാരില്ലാത്ത അവസരത്തിൽമാത്രമേ ഇങ്ങനെ വരികയുള്ളു.

Mr. A. C. KURIAKOSE (*Mianchil cum Devicolam*) : പ്രായപൂർത്തിയാകാത്ത കുട്ടികളും വിധവയും അവിവാഹിതകളായ സ്ത്രീകളുടെ സംരക്ഷണയിൽ ഇരിക്കണമെന്നുവരുന്നു. അങ്ങിനെവരുമ്പോൾ കുടുംബസംരക്ഷണത്തിനു ദുർബ്ബലത സംഭവിക്കും എന്നാണു് മി. ജി. പി. നീലകണ്ഠപ്പിള്ളയുടെ അഭിപ്രായം എന്നു ഞാൻ വിചാരിക്കുന്നു. ഞാൻ ആ അഭിപ്രായത്തോടു് യോജിച്ചുകൊള്ളുന്നു.

Mr. R. RAMAN PILLAI (*Kottayam*) : ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നു. മി. ജി. പി. നീലകണ്ഠപ്പിള്ളയുടെ അഭിപ്രായം മലയാളബ്രാഹ്മണകുടുംബങ്ങളിലെ വിധവകളുടേയും അവരുടെസന്താനങ്ങളുടേയും സംരക്ഷണാവകാശം ആ കുടുംബത്തിലെ അവിവാഹിതയായ സ്ത്രീയ്ക്കു കൊടുക്കുന്നതു് ശരിയല്ല എന്നാണു്. വിവാഹിതകളല്ലാത്ത സ്ത്രീകൾക്കു കുടുംബഭരണം കയ്യേല്പിക്കുന്നതിനുള്ള ഒരവസരംതന്നെ വളരെ ദുർല്ലഭമാണു്. അതിലേക്കു ഒന്നാമതു് അവിവാഹിതകളായസ്ത്രീകൾ കുടുംബത്തിൽ ഉണ്ടായിരിക്കണം; ആ കുടുംബത്തിൽ പുരുഷന്മാരാരുമില്ലാതെ സ്ത്രീകൾമാത്രം ശേഷിക്കണം. ഇങ്ങിനെയുള്ള സന്ദർഭങ്ങൾ ഉണ്ടാവുന്നതു വളരെ ചുരുക്കമാണു്. അങ്ങിനെ അവിവാഹിതകളായി ശേഷിക്കുന്ന സ്ത്രീജനങ്ങൾ യാതൊരുബന്ധുവുമില്ലാത്ത സ്ത്രീകളുടെ അധീനതയിൽ കഴിച്ചുകൂട്ടണമെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Raman Pillai.]

ന്ന പറയുന്നതുകൊണ്ടും ശരിയല്ല. ഭർത്താവിനെ ലഭിക്കുന്നതിനുള്ള സൌഭാഗ്യം അവർക്കുലഭിച്ചിട്ടില്ല. കുടുംബസ്വത്തിന്മേൽഅവകാശവുമില്ല. ഇങ്ങനെ നിരാശപ്പെട്ടുകിടക്കുന്ന അവരെ ഒരു നിയമം കൊണ്ടുവന്നു കഷ്ടപ്പെടുത്തണമെന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല.

MR. MATTHEW MURIKKAN (*Vaikam*) : മി. ജി. പി. നീലകണ്ഠപ്പിള്ളയുടെ അഭിപ്രായത്തോടുകൂടി ഞാനും യോജിച്ചുകൊള്ളുന്നു. മി: നീലകണ്ഠപ്പിള്ളയുടെ വാദം ന്യായമായ ഒന്നാണ്.

DEPUTY PRESIDENT : ഈ ഭേദഗതിയെ എതിർക്കുകയാണൊ ചെയ്യുന്നത്?

MR. MATTHEW MURIKKAN (*Vaikam*) : അതേ. മലയാളബ്രാഹ്മണകുടുംബങ്ങളിൽ ജനിച്ചിട്ടുള്ള സ്ത്രീകൾക്കു ഏതുസമയത്തും വിവാഹംചെയ്യാൻ യാതൊരു തടസ്ഥവുമില്ല. മി. രാമൻപിള്ള പ്രായംചെന്ന അവിവാഹിതകളായ സ്ത്രീകൾ ചുരുക്കമാണെന്നു പറയുന്നു.

MR. R. RAMAN PILLAI (*Kottayam*) : അങ്ങിനെയല്ല ഞാൻ പറഞ്ഞത്. പുരുഷന്മാരുംകൂടിയില്ലാത്ത കുടുംബങ്ങൾ വളരെ ചുരുക്കമായിട്ടേ വരികയുള്ളു എന്നാണ് ഞാൻ പറഞ്ഞത്.

MR. MATTHEW MURIKKAN (*Vaikam*) : വിവാഹംചെയ്യാത്ത സ്ത്രീകൾ എത്രയുണ്ടെന്നു ഇവിടെ ആലോചിക്കേണ്ട ആവശ്യമില്ല. ഒരു സ്ത്രീയെ എപ്പോൾവേണ്ടൊ അപ്പോൾ വിവാഹം ചെയ്തുകൊടുക്കാൻ സാധിക്കും. അങ്ങിനെ അന്യകുടുംബത്തിലേക്കു പോകാമെന്നുവിചാരിക്കുന്ന ഒരു സ്ത്രീ കുടുംബശ്രേയസ്സിനുവേണ്ടി പ്രവർത്തിക്കുമെന്നു വിചാരിക്കാൻ തരമില്ല. എന്നാൽ നേരേമറിച്ചു ഒരു കുടുംബത്തിൽ വിവാഹം ചെയ്തു കൊണ്ടുവന്നിട്ടുള്ള സ്ത്രീയാണെങ്കിൽ അങ്ങിനെ വിചാരിക്കാൻ തരമില്ല. അവർക്കു മക്കൾ ഉണ്ടായിരിക്കും. അവരുടെ ശ്രേയസ്സിനെ മുൻനിർത്തി വിധവകൾ പ്രവർത്തിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : ആ മക്കൾ.....

MR. MATTHEW MURIKKAN (*Vaikam*) : പ്രശ്നമൊന്നും ഇപ്പോൾ വേണ്ടാ. ഈ പ്രശ്നങ്ങൾകൊണ്ടാണ് നാം നമ്മുടെ സമയം കളയുന്നത്.

DEPUTY PRESIDENT : മി. തുപ്പൻനംപൂതിരിപ്പാട് പറയുന്നതു കാര്യമാണെങ്കിൽ കേട്ടുകൊള്ളുക. മി. തുപ്പൻനംപൂതിരിപ്പാട്, എന്താണ് നിങ്ങളുടെ ചോദ്യം?

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : ആൺമക്കളുണ്ടെങ്കിൽ അവിവാഹിതയായ സ്ത്രീയ്ക്ക അവകാശമില്ല. അവരുടെകാര്യങ്ങൾ അന്വേഷിക്കാൻ ആ മൈനറുടെ അമ്മയുണ്ട്.

DEPUTY PRESIDENT : അങ്ങോട്ട വാദിക്കാൻപാടില്ല.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ഇതറിയാമോഎന്ന ചോദിക്കയാണ് ചെയ്തത്.

MR. MATTHEW MURIKKAN (*Vaikam*) : എനിക്കറിയാം. അങ്ങിനെ സന്താനങ്ങളുണ്ടെങ്കിൽ അത വിധവയുടെ സന്താനങ്ങളായിരിക്കാനേ തരമുള്ളു. അങ്ങിനെവരുമ്പോൾ കുടുംബഭരണം മക്കളുള്ള സ്ത്രീകളിൽ തന്നെ ലയിക്കണം എന്നാണ് എന്റെ അഭിപ്രായം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : ഒരു കുടുംബത്തിൽ അവിവാഹിതകളും വിധവകളും ആയ സ്ത്രീകളുടെ മൂപ്പവകാശത്തെപ്പറ്റിയുള്ള വാദമാണ് ഇവിടെ നടന്നത്. കുടുംബത്തിലേക്ക വിവാഹം കഴിച്ചുകൊണ്ടുവന്നിട്ടുള്ള സ്ത്രീകളും, കുടുംബത്തിൽ ജനിച്ച അവിവാഹിതകളായ സ്ത്രീകളും കുടുംബത്തിലെ അംഗമായിരിക്കുമെന്നാണ് ഇപ്പോൾകൊണ്ടുവന്നിട്ടുള്ള ഭേദഗതി. ഒരുസ്ത്രീയുടെവിവാഹം കഴിഞ്ഞില്ലെങ്കിലും ആ സ്ത്രീ ഏതെങ്കിലുംഒരു കുടുംബത്തിലെ അംഗമായിരിക്കണമേ. ഇതിനുമുമ്പു കഴിഞ്ഞയോഗത്തിൽ ഒടുവിലത്തെ ദിവസം പാസാക്കിയിട്ടുള്ള ഒരു വകുപ്പിൽ കാണുന്നതു അവിവാഹിതകളായ സ്ത്രീകൾ മരിച്ചുപോകുന്നപക്ഷം അവർക്ക മാതാപിതാക്കന്മാരോ സഹോദരന്മാരോ ഇല്ലെങ്കിൽ അവരുടെസ്വത്തു അവരുടെഇല്ലത്തേയ്ക്ക ലയിക്കണമെന്നാണ്. ഇതുകൊണ്ടു അവരും ഇല്ലത്തിലെ അംഗമാണെന്ന്സ്ഥാപിച്ചു കഴിഞ്ഞു.

DEPUTY PRESIDENT : You are right, Mr. Asan. What else have you to say.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : അതുകൊണ്ടു അവർക്ക ഇല്ലം ഉണ്ടെന്നുള്ളതു സമ്മതിച്ചു കഴിഞ്ഞു. ഇല്ലം ഉണ്ടെങ്കിൽ അവർ ഇല്ലത്തിലെ അംഗങ്ങളുമാണ്. അവർക്ക മൂപ്പവകാശം കൊടുക്കാമോ പാടില്ലയോഎന്നുള്ളതു ഒടുവിൽ തീർച്ചപ്പെടുത്തേണ്ടതാണ്. എന്റെസ്നേഹിതൻ മി: ജി. പി. നീലകണ്ഠപിള്ള പറയുന്നതു അവിവാഹിതകളായ സ്ത്രീകൾ വിവാഹം കഴിഞ്ഞു ഒരു കാലത്തു മറ്റാരു കുടുംബത്തിൽ പോകുമെന്നുള്ളതുകൊണ്ടു അവർകുടുംബസ്വത്തു കണ്ടമാനം ധൂർത്തടിച്ചു കളയുമെന്നാണ്. എന്നാൽ അവർഎ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. S. Damodaran Asan.]

വിടെയിരിക്കുന്നവരോ അവിടെ ഉത്തമവിശ്വാസത്തോടുകൂടി ഭരണംനടത്തിക്കൊണ്ടുപോകുമെന്നേ വിശ്വസിക്കാൻതരമുള്ളൂ.

MR. A. C. KURIAKOSE (*Minachil cum Devicolam*): അവിവാഹിതകളായസ്ത്രീകളും കുടുംബത്തിലെഅംഗങ്ങളായിരിക്കയില്ലെന്നു ഇവിടെ വാദിച്ചില്ലല്ലോ.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): അതിലേക്കാണ് ഈ വാദം.

DEPUTY PRESIDENT: എക്സ്പ്ലനേഷനിൽ സ്ത്രീകൾ എന്നുവച്ചാൽ ഇന്നാരെല്ലാം ഉൾപ്പെടും എന്നു പറഞ്ഞിട്ടുണ്ടല്ലൊ.

MR. MATTHEW MURIKKAN (*Vaikam*): ഇപ്പോഴത്തെ കസ്റ്റമറിലാ അനുസരിച്ചു അവർ അംഗങ്ങളാണോ? മെയിന്റനൻസു കിട്ടാൻ അവകാശമുണ്ടോ?

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): അതിനെപ്പറ്റി എക്സ്പർട്ടിനോടു ചോദിക്കണം. ഒരു കുടുബത്തിൽ ഒരു സ്ത്രീ ജനിച്ചാൽ ആ കുടുംബത്തിൽനിന്നും അവളെ വിവാഹം ചെയ്തുകൊടുക്കുന്നതുവരെ അവൾ ആ കുടുംബത്തിലെഅംഗമാണ്.

DEPUTY PRESIDENT: മി. മുരിക്കൻ ചോദിച്ചതു് അതല്ല. ഇതുവരെ ഒരു സ്ത്രീയ്ക്കു ജീവനാംശത്തിനു മാത്രമേ അവകാശമുണ്ടായിരുന്നുള്ളൂ. മറ്റുള്ള അവകാശം അവൾക്കു എന്തിനുകൊടുക്കുന്നു. ഇഴുവബിൽ, വെള്ളാളബിൽ, കൃസ്ത്യൻലാ ഇതിലൊക്കെ എങ്ങിനെയാണ്പറഞ്ഞിരിക്കുന്നതു്?

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): അതു് നിശ്ചയിക്കുന്നതിനാണ് ആദ്യം അവരും കുടുബത്തിലെ അംഗങ്ങളാണ്: എന്നു തീർച്ചപ്പെടുത്തണമെന്നു ഞാൻ പറഞ്ഞതു്.

MR. K. P. NILAKANTA PILLAI (*Chirayinkil*): ഈ ഭേദഗതിയെ അനുകൂലിച്ചുകൊണ്ടു ചിലസംഗതികൾ ഈ കൌൺസിലിന്റെ പ്രയോജനത്തിനുകൊണ്ടുവരാനുണ്ടു്. കൊച്ചികൌൺസിലിൽ പാസാക്കിയിട്ടുള്ള ബില്ലിൽ ഈ വകുപ്പു ഇങ്ങിനെയാണു ചേർത്തിരിക്കുന്നതു്.

"ഇല്ലം എന്നാൽ ഒരു നംബൂതിരികുടുംബം എന്നു, അതിന്റമാകുന്നതും, പൊതുസ്വത്തിനു് അവകാശികളായി ഒരു നമ്പൂതിരിക്കുടുംബത്തിൽ ചേർന്ന എല്ലാ അംഗങ്ങളും അതിൽ ഉൾപ്പെടുന്നതും ആകുന്നു.

'കാരണവൻ' എന്നാൽ ഒരു ഇല്ലത്തെ പ്രായംകൂടിയമേജർ പുരുഷൻ എന്നും, പുരുഷന്മാർ ഇല്ലെങ്കിൽ പ്രായംകൂടിയ മേജർ സ്ത്രീഎന്നും അർത്ഥമാകുന്നു."

LIBRARY ARCHIVES Kerala Legislative Assembly

"വിവരണം:—വിവാഹം നിമിത്തം ഇല്ലത്തെ അംഗങ്ങളായിത്തീ ന്നിട്ടുള്ള സ്ത്രീകളുടെ മൂപ്പു അവകാശം നിശ്ചയിക്കുന്നതു വിവാഹത്തി ന്റെ തീയതിയെ അടിസ്ഥാനപ്പെടുത്തി ആയിരിക്കുന്നതാകുന്നു."

ഇതിനെ അടിസ്ഥാനപ്പെടുത്തിയാണു് ഞാൻ ഈ അമൻറുമെ ൻറ് അയച്ചിട്ടുള്ളതു്.

DEPUTY PRESIDENT: So you support the amendment?

MR. K. P. NILAKANTA PILLAI (*Chirayinkil*): Yes. I support the amendment.

The amendment proposed by Mr. G. Paramesvaran Pillai was put to vote and carried.

DEPUTY PRESIDENT: We will take the explanation to clause 2 in the afternoon.

The House adjourned for Lunch at 2. 5. and met again at 2-45 P. M.

DEPUTY PRESIDENT: We will now pass on to the 'Explanation'. The amendment just passed may be treated as an explanation.

MR. G. PARAMESVARAN PILLAI (*Ag. Additional Head Sirkar Vakil*): We will treat it as explanation (1) and the existing one as explanation (2) and so on.

DEPUTY PRESIDENT: "The seniority of females who have become members of the *Illom* by marriage, shall be determined with reference to the date of marriage."

ഇതിനെ സംബന്ധിച്ചു് അമൻറുമെൻറു വല്ലതും ഉണ്ടോ അതാ യതു്—

Do all the Namputiri members agree to the spirit of that explanation?

Members who wish to address on that explanation are allowed to do so.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): കുടുംബത്തി ൽ വിവാഹംകൊണ്ടു അംഗങ്ങളായിതീർന്നിട്ടുള്ള സ്ത്രീകളുടെ സീനിയാറി ട്ടിയെപ്പറ്റി മാത്രമെ പറയുന്നൊള്ളു.

DEPUTY PRESIDENT: അതുമാത്രം വേണ്മെന്നേ അവർ പറയു ന്നുള്ളു.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): അതുകൊണ്ടു കുടുംബത്തിലേക്കു വിവാഹംകഴിച്ചുകൊണ്ടുവന്ന സ്ത്രീയും കുടുംബത്തി ൽ ഇരിക്കുന്ന അവിവാഹിതയായ സ്ത്രീയും തമ്മിലുള്ള സീനിയാറിട്ടി എ ങ്ങിനെയാണു് നിശ്ചയിക്കേണ്ടതെന്നു വ്യക്തമാകുന്നില്ലാ.

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT : കുടുംബത്തിൽ ജനിച്ച അവിവാഹിതയായിരിക്കുന്ന സ്ത്രീയും കുടുംബത്തിലെ അംഗമാണെന്നു സമ്മതിച്ചുകഴിഞ്ഞു. അവൾക്കാണ് വയസ്സുമൂപ്പു എന്നുവരുകിൽ അവൾക്കുതന്നെയാണ് കാരണവസ്ഥാനത്തിനു അവകാശമുള്ളതു്. അന്യകുടുംബത്തിൽനിന്നും വിവാഹംകഴിച്ചു കൊണ്ടുവന്നിട്ടുള്ള സ്ത്രീകളെ സംബന്ധിച്ചിടത്തോളം ആക്കാണ് കാരണവസ്ഥാനം കൊടുക്കേണ്ടതെന്നുള്ളതാണ് ഇവിടെ തർക്കവിഷയം. അതിലേക്കു നമ്പൂതിരിമെമ്പർമാർ പറയുന്നതു് ആരു് ഇല്ലത്തിൽ വിവാഹംകൊണ്ടു് ആദ്യം അംഗമായി വരുന്നുവോ അവൾക്കു കാരണവസ്ഥാനം കൊടുക്കണമെന്നാണ്.

You may confine your criticism on that "explanation":— "The seniority of females who have become a member of the *Illom* by marriage shall be determined with reference to the date of marriage." That is the only question now to be considered.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*) : വിവാഹം കഴിച്ചു കുടുംബത്തിൽ കൊണ്ടുവന്നിട്ടുള്ള സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഈ എക്സ്പ്ലനേഷൻ തൃപ്തികരമാണെന്നു സമ്മതിക്കാം.

MR. A. THANU PILLAI (*Trivandrum*) : വിവാഹംകഴിച്ചുകൊണ്ടുവരുന്ന സ്ത്രീയുടേയും കുടുംബത്തിൽ ജനിച്ച സ്ത്രീയുടേയും കാര്യത്തിൽ വെവ്വേറെ വയസ്സുമൂപ്പു എന്നാണോ പറയുന്നതു്?

DEPUTY PRESIDENT : കുടുംബത്തിൽ ജനിച്ച സ്ത്രീകളുടെ അവകാശം വയസ്സു മൂപ്പനുസരിച്ചും കുടുംബത്തിലേക്കു വിവാഹംകഴിച്ചു കൊണ്ടുവന്നിട്ടുള്ള സ്ത്രീകളുടെ അവകാശം വിവാഹ തീയതി അനുസരിച്ചും നിശ്ചയിക്കണമെന്നാണ് പറയുന്നതു്.

MR. A. THANU PILLAI (*Trivandrum*) : ഒരു കുടുംബത്തിൽ ജനിച്ച അവിവാഹിതയായ സ്ത്രീയും കുടുംബത്തിലേക്കു വിവാഹംകഴിച്ചു കൊണ്ടുവന്നശേഷം വിധവയായി രണ്ടു സ്ത്രീകളും ഉണ്ടായിരുന്നാൽ എങ്ങിനെയാണ് മൂപ്പു നിശ്ചയിക്കേണ്ടതു്?

DEPUTY PRESIDENT : വയസ്സു മൂപ്പനുസരിച്ചുനോക്കണം.

MR. A. THANU PILLAI (*Trivandrum*) : ഉദാഹരണമായിട്ടു പറയാം. (ഒരു സിലക്ട് കമ്മിറ്റി ഡിസ്കഷൻപോലെ നടക്കുന്നതുകൊണ്ടു പറയുകയാണ്.) ൪൫ വയസ്സായ ഒരു കന്യകയും, ൪൦ വയസ്സായി എന്നാൽ പത്തുവർഷമെ ആയൊള്ളു വിവാഹം കഴിച്ചിട്ടു, അങ്ങിനെ ഒരു വിധവയും, ൪൬ വയസ്സായി എന്നാൽ ൬ വർഷമേ ആയൊള്ളു വിവാഹംകഴിച്ചിട്ടു, അങ്ങിനെ വേറെ ഒരു വിധവയും ഇങ്ങനെ മൂന്നുപേർ

LIBRARY ARCHIVES Kerala Legislative Assembly

ഒരു കുടുംബത്തിൽ ഉണ്ടെന്നു വിചാരിക്ക. അങ്ങിനെവരുമ്പോൾ ഈ എക്സ്പ്ലനേഷൻ അനുസരിച്ച് കാരണവസ്ഥാനം ആക്കു കൊടുക്കണം. ഇങ്ങനെ ഉള്ള കേസുകളിൽ ഈ വിവരണം മതിയാകുമോ?

DEPUTY PRESIDENT : ഒടുവിൽ പറഞ്ഞവരെ സംബന്ധിച്ചു തക്കമില്ലല്ലോ. കുടുംബത്തിൽവന്നിട്ടു പത്തു വർഷമായ വിധവയ്ക്കുതന്നെയാണു് കൊടുക്കേണ്ടതു്.

MR. A. THANU PILLAI (*Trivandrum*) : അപ്പോൾ വയസ്സു കുറവാണു എന്നുകൂടി ഓക്കണം.

DEPUTY PRESIDENT : You may offer your constructive suggestions Mr. Thanu Pillai.

MR. A. THANU PILLAI (*Trivandrum*) : വിധവകർമ്മമാത്രം ആയാൽ ഈ വിഷമമില്ല. ഞാൻ പറഞ്ഞപോലെ മൂന്നുപേരുംകൂടി വരുമ്പോൾ ഈ എക്സ്പ്ലനേഷൻകൊണ്ടു മതിയാവുകയില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ർ o വയസ്സായ വിധവയും ർ ഛ വയസ്സായ വിധവയും തമ്മിലുള്ള തക്കം എളുപ്പത്തിൽ തീക്കാവുന്നതാണു്. ർ o വയസ്സായ വിധവ ആ കുടുംബത്തിൽ വന്നിട്ടു പത്തു വർഷം അതായതു് ർ ഛ വയസ്സായ വിധവയെ അപേക്ഷിച്ചു നു വർഷം കൂടുതലായതിനാൽ ആ വിധവയ്ക്കുതന്നെയാണു് മുപ്പുകാശം. പിന്നീടു അവരും ആ കന്യകയും തമ്മിലുള്ള തക്കമാണു് നോക്കേണ്ടതു്.

MR. A. THANU PILLAI (*Trivandrum*) : ർ ഛ വയസ്സായ കന്യകയും ർ ഛ വയസ്സായ വിവാഹം കഴിച്ചുകൊണ്ടുവന്ന സ്ത്രീയും തമ്മിൽ നോക്കുമ്പോൾ സീനിയറിട്ടി വിവാഹം കഴിച്ചുകൊണ്ടുവന്ന സ്ത്രീക്കാണു് വന്നുചേരുന്നതു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): കന്യകയും വിധവയും ആണെങ്കിൽ വയസ്സുമാത്രമേ നോക്കുന്നുള്ളു. കുടുംബത്തിൽ വിവാഹം കഴിച്ചുകൊണ്ടുവന്ന സ്ത്രീയുടെ വിവാഹതീയതി നോക്കുന്നില്ല.

MR. A. THANU PILLAI (*Trivandrum*) : അതാണു് എന്റെയും വിഷമം. ർ ഛ വയസ്സായ കന്യകയും ർ ഛ വയസ്സായ വിധവയും തമ്മിലുള്ള സീനിയറിട്ടി വിധവയ്ക്കാണു് എന്നുവരുന്നു. ർ o വയസ്സായ വിധവയും ർ ഛ വയസ്സായ കന്യകയും തമ്മിലുള്ള തക്കത്തിൽ സീനിയറിട്ടി കന്യകയ്ക്കുതന്നെ എന്നും വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : ർ ഫ വയസ്സാണൊ ർ ൻ, വയസ്സല്ലേ?

MR. A. THANU PILLAI (*Trivandrum*) : ർ ഫ ആണ്. വിഷമമില്ലാത്തതു കൊണ്ടുവന്നു വിഷമിപ്പിക്കണമെന്നുള്ളതല്ലല്ലോ നമ്മുടെ ഉദ്ദേശം.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): എക്സ്പ്ലനേഷനിൽ വിവാഹിതകളായ സ്ത്രീകളെ സംബന്ധിച്ചു മാത്രമെ സീനിയാറിട്ടി നിശ്ചയിക്കുന്നുള്ളു എന്നു വന്നാലോ?

MR. A. THANU PILLAI (*Trivandrum*) : എല്ലാവരേയും നോക്കണം. എല്ലാവക്കും കൂടി യോജിക്കുന്ന ഒരു രൂപം അല്ലാതെ വിധവകളുടെ കാര്യം മാത്രം ചേർത്താൽ വിധവയ്ക്കും അവിവാഹിതകളായ സ്ത്രീകൾക്കും തമ്മിലുള്ള തർക്കത്തിൽ വിഷമം വന്നുചേരും. എല്ലാം വയസ്സ് മുറക്കെന്നുവച്ചാൽ ശരിയായിരിക്കും. വിധവകൾ സ്വന്തം കുടുംബത്തിലെ അവകാശങ്ങളെ ഒക്കെകളഞ്ഞാണ് മറെറാരു കുടുംബത്തിൽ അംഗങ്ങളായി വന്നു ചേരുന്നതു്. സാധാരണ സർക്കാരുദ്യോഗങ്ങളിൽ തന്നെ ഒരു സ്റ്റേറ്റ്സർവീസിൽ നിന്നും വേറൊരു സ്റ്റേറ്റ്സർവീസിലേക്കു ആളെടുക്കുമ്പോൾ ആ ആളിനു അവിടത്തെ പെൻഷൻ കാൺടിബ്യൂഷൻ, ലീവ്, ഇതൊക്കെ വകവച്ചു പെൻഷൻ കൊടുക്കുന്നതു പോലെ അന്യകുടുംബത്തിൽ നിന്നും ഒരു കുടുംബത്തിലെ ഒരംഗത്തിന്റെ ഭാര്യയായി വരുന്ന സ്ത്രീയ്ക്കു ആ സ്ത്രീയുടെ കുടുംബത്തിൽ അവർക്കു എന്തെല്ലാം അവകാശങ്ങൾ കിട്ടുമോ ആ അവകാശങ്ങളെല്ലാം ഈ കുടുംബത്തിൽ വകവച്ചു കൊടുക്കേണ്ടതാണ്. ഈ കുടുംബത്തിലെ ഒരംഗത്തിന്റെ ഭാര്യ ആകുന്നതോടുകൂടി ആ സ്ത്രീയ്ക്കു സ്വന്തം കുടുംബത്തിലെ അവകാശങ്ങളെല്ലാം നശിച്ചു പോകുന്നു. അതുകൊണ്ടു സ്ത്രീകൾക്കൊക്കെ വയസ്സുകണക്കാക്കി മൂപ്പു കൊടുക്കണമെന്നുവച്ചാൽ അതു ശരിയായിരിക്കുമെന്നാണ് എനിക്കു തോന്നുന്നതു്.

DEPUTY PRESIDENT: So you oppose the amendment?

MR. A. THANU PILLAI (*Trivandrum*) : I oppose the amendment and support Mr. K. P. Nilakanta Pillai's amendment; by putting his amendment, the Clause will be thus;

"The Seniority of females, whether born in or married into the *Illom* shall be determined with reference to their age"

DEPUTY PRESIDENT: അങ്ങിനെ ഒരു എക്സ്പ്ലനേഷൻ ചേർക്കണമെന്നാണോ പറയുന്നതു്?

MR. A. THANU PILLAI (*Trivandrum*) : ഇങ്ങിനെ ഒന്നു ചേർത്താൽ അതു സാമാന്യതത്വത്തിനു യോജിച്ചിരിക്കും. ഇതിനെ വ്യാഖ്യാനിക്കുന്നതിനു കോടതിക്കും വിഷമം നേരിടുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. R. KESAVA PILLAI (*Kottarakara cum Kunnattur*) : ഇങ്ങിനെ ഒരു എക്സ്പ്ലനേഷൻ സ്വീകരിക്കുന്ന പക്ഷം, കുടുംബത്തിൽ മുമ്പിൽക്കുട്ടി വിവാഹം ചെയ്തു കൊണ്ട് വന്നിട്ടുള്ള സ്ത്രീക്കു പ്രായം കുറഞ്ഞും പിന്നെ വിവാഹം ചെയ്തു കൊണ്ട് വരുന്ന സ്ത്രീക്കു പ്രായം കൂടിയും ഇരുന്നാൽ ഒടുവിൽ കൊണ്ട് വന്ന സ്ത്രീക്കു സീനിയാറിട്ടി കിട്ടണമെന്നല്ലേ വരുന്നതു?

MR. A. THANU PILLAI (*Trivandrum*) : എന്നു തന്നെയാണ് ഞാൻ പറയുന്നതു. അതിൽ ഒരാക്ഷേപവുമില്ല. ഒരു സ്ത്രീ ജനിച്ചകാലം മുതൽ വേറെ ഒരു കുടുംബത്തിലെ അംഗമായിരിക്കയായിരുന്ന അവിടത്തെ അവകാശമെല്ലാം ഉപേക്ഷിച്ചു ആ സ്ത്രീ വേറൊരു ഇല്ലത്തിൽ ഒരാളിന്റെ ഭാര്യയായി വരുമ്പോൾ എന്തുകൊണ്ട് ഇവിടത്തെ അവകാശങ്ങൾ വകവച്ചു കൊടുത്തുകൂടാ? ആ സ്ത്രീ വിവാഹിതയാണ് എന്നുള്ള കാരണം കൊണ്ട് കേവലം നാം വയസ്സായ ഒരു സ്ത്രീയുടെ ഭരണത്തിൽ നാം വയസ്സായ ഈ സ്ത്രീ ഇരിക്കണമെന്നു പറയുന്നതു ശരിയല്ല.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): കുടുംബത്തിൽ അംഗങ്ങളായിവന്നിട്ടുള്ള സ്ത്രീകളെക്കാൾ വിവാഹം ചെയ്തു കുടുംബഭരണത്തിൽ കൂടുതൽ സാഹചര്യം ആ കുടുംബത്തിൽ തന്നെ ജനിച്ചു അവിവാഹിതയായിരിക്കുന്ന സ്ത്രീകൾക്കല്ലേ ഉള്ളതു?

MR. A. THANU PILLAI (*Trivandrum*) : അവർ വിവാഹം കൊണ്ട് ഈ കുടുംബത്തിലെ അംഗങ്ങളായി തീർന്നതു മുതൽ അവക്കു ഈ കുടുംബത്തിലെ സ്വത്തിനു അവകാശം ഉണ്ട്. അതിനെ നിയന്ത്രിക്കാൻ അവക്കാണ് കൂടുതൽ താണിയുള്ളതു.

MR. A. C. KURIAKOSE (*Minachil cum Devicolam*) : ആദ്യം വന്ന സ്ത്രീക്കു പ്രായം കുറവാണ് എങ്കിലും ഒരു പുരുഷസന്താനമുണ്ട്. രണ്ടാമതു വന്ന സ്ത്രീക്കു പ്രായംകൂടുതലായി എന്നാൽ ഒരു സ്ത്രീസന്താനമാണുള്ളതു. അതിനും പുറമെ മറ്റു വിധവകളും ആ കുടുംബത്തിലുണ്ട്. ഇങ്ങിനെ വരുമ്പോൾ ആ കുടുംബഭരണം ആർക്കു കൊടുക്കണം?

MR. A. THANU PILLAI (*Trivandrum*) : സന്താനങ്ങളെ സംബന്ധിച്ചു സ്ത്രീപുരുഷഭേദം നോക്കേണ്ടതില്ല.

MR. A. C. KURIAKOSE (*Minachil cum Devicolam*) : അപ്പോൾ ആദ്യം വിവാഹം ചെയ്തു കൊണ്ട് വരുന്ന സ്ത്രീയ്ക്കു ആ കുടുംബത്തിലെ മൂപ്പുസ്ഥാനം കൊടുക്കണമെന്നാണോ പറയുന്നതു?

LIBRARY ARCHIVES Kerala Legislative Assembly

MR. A. THANU PILLAI (*Trivandrum*): അങ്ങിനെയാണ് ഇപ്പോൾ സാധാരണ നടക്കുന്നതു്.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): ഈ ഭേദഗതിയെ അനുകൂലിക്കുന്നില്ലെങ്കിൽ കുടുംബത്തിൽ ജനിച്ച കൂടുതൽ സ്വീസുള്ള സ്ത്രീകളുടെ അവകാശത്തെ അവഗണിക്കുന്നു എന്നല്ലേ മനസ്സിലാക്കേണ്ടതു്?

MR. A. THANU PILLAI (*Trivandrum*): അങ്ങിനെയല്ല.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): അവർ കുടുംബപരിപാലനത്തിൽ ഏറെക്കാലമായി ചെയ്യുന്ന കൃത്യങ്ങളെ പരിഗണിക്കേണ്ട ആവശ്യമില്ലേ?

MR. A. THANU PILLAI (*Trivandrum*): വളരെക്കാലം ഒരു കുടുംബത്തിൽ ഇരുന്ന എന്നു വിചാരിച്ചു പ്രത്യേകമായ ഒരവകാശമില്ല. അവർ അതുയുംകാലം ആ കുടുംബത്തിലെ മുതൽ കൊണ്ട് കാലക്ഷേപംചെയ്തുവന്നിരുന്നു എന്നല്ലാതെ അതുകൊണ്ട് പ്രത്യേകം ഒരവകാശമൊന്നുമില്ല എന്നാണു എനിക്കു തോന്നുന്നതു്.

DEPUTY PRESIDENT: One thing, namely that she is a member of the *Illom* has been settled. Mr. K. P. Nilakanta Pillai, you may move your amendment.

MR. K. P. NILAKANTA PILLAI (*Chirayinkil*): I move the following amendment to the Explanation in Clause 2, sub clause 3 —

"For the words "who have become members of the *Illom* by marriage" substitute "whether born in or married into the *Illom*"; and for the word "marriage at the end substitute "thier birth".

The explanation will then read thus,

"Seniority of females whether born in or married into the *Illom* shall be determined with reference to their birth."

ഞാൻ ഇവിടെവായിച്ചതു സ്ത്രീകളുടെമൂപ്പവകാശം നിശ്ചയിക്കുന്നതിനെ സംബന്ധിച്ചാണു. അതു് കുടുംബത്തിൽ അംഗമാകുന്നതീയതിയെ അടിസ്ഥാനപ്പെടുത്തി ആയിരിക്കണമെന്നാണു് ആദ്യത്തെബില്ലിൽ ഉള്ളതു്. അപ്പോൾ മൂന്നുമാതിരിയുള്ള കേസ് നമുക്ക് ആലോചിക്കേണ്ടിയിരിക്കുന്നു. കുടുംബത്തിൽതന്നെജനിച്ചസ്ത്രീ, വേറൊരുകുടുംബത്തിൽനിന്നും വിവാഹം ചെയ്തുകൊണ്ടുവന്നിട്ടുള്ള രണ്ടുസ്ത്രീകൾ,ഇങ്ങനെ ഈ മൂന്നു സ്ത്രീകളുടേയുംസംശയം തീർക്കുന്നപക്ഷം ഈ അമൻറുമെൻറ് സ്വീകരിക്കുന്നതിനു് വലിയ വിഷമം ഉണ്ടാകുമെന്നു് തോന്നുന്നില്ല. ഒരു കുടുംബത്തിലേക്ക് മറെറാരു കുടുംബത്തിൽനിന്നുംവിവാഹം ചെയ്തുകൊണ്ടു വന്നിട്ടുള്ള സ്ത്രീയുടെ വയസ്സ് കൂടുതലുമായിരിക്കാം കുറഞ്ഞതുമായിരിക്കാം. ഇങ്ങി

LIBRARY ARCHIVES Kerala Legislative Assembly

നെ വരുന്ന സ്ത്രീകൾക്കു അവരുടെ കുടുംബത്തിലെ അവകാശം മുഴുവൻ നശിക്കുകയും അവർക്കുസ്ത്രീധനമായി കിട്ടിയിട്ടുള്ള സ്വത്തു് ഭർത്താവിന്റെ കുടുംബത്തിലെ പൊതുസ്വത്തായി തീരുകയും ചെയ്യുന്നു. അങ്ങിനെ ഒരു കുടുംബത്തിലെ അവകാശവും വാങ്ങിക്കൊണ്ടു് ഈ കുടുംബത്തിൽ വന്നു ചേർന്നാൽ ഇവിടെ കാരണവസ്ഥാനത്തിനുള്ള കാലംവരുമ്പോൾ ഇവർക്കു് കിട്ടുകയില്ല എന്നു് ചട്ടം ഉണ്ടാക്കുന്നതു് അവർക്ക് സങ്കടകരമാണു്. രണ്ടാമതു് കുടുംബത്തിൽ തന്നെ ജനിച്ചു വളർന്ന സ്ത്രീക്കു്, പിതാവിന്റെ സ്വത്തിനു് അവകാശം ഉള്ള സ്ഥിതിക്കു് അന്യകുടുംബത്തിൽനിന്നും വേറെ രണ്ടു സ്ത്രീകളെ ഈ കുടുംബത്തിലേക്കു വിവാഹം കഴിച്ചു കൊണ്ടുവന്നിട്ടുണ്ടു് എന്ന കാരണത്തിന്മേൽ അവകാശമില്ലെന്നു പറയുന്നതു് അതിലേറെ കഷ്ടമാണു്. ആർക്കും സങ്കടമില്ലാത്ത വിധത്തിൽ ഒരു നിയമം പാസാക്കേണ്ടതാണു് നമ്മുടെ മുമതല. അതിനാൽ നാച്ചുറൽ ജസ്റ്റീസും, മെറിറിയൽ കാസ്സും നോക്കി അവരുടെ ജനനതീയതി അനുസരിച്ചു് മൂപ്പു് നിശ്ചയിക്കുന്നതു് നന്നായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. അതുകൊണ്ടു് ഈ ഭേദഗതിയെ സഭയുടെ സ്വീകരണത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*) : I second it.

MR. P. S. MAHOMED (*Nominated*) : വിവാഹം കഴിച്ചിട്ടുള്ള സ്ത്രീയേയും വിവാഹം കഴിക്കാത്ത സ്ത്രീയേയും സംബന്ധിച്ചുള്ള സിലക്ട് കമ്മിറ്റി ഈ അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതു്. നേരെ മറിച്ചു് വിവാഹം കഴിച്ചിട്ടുള്ള രണ്ടു സ്ത്രീകളുടെ സീനിയാറിട്ടി എങ്ങിനെ നിശ്ചയിക്കണമെന്നാണു് സിലക്ട് കമ്മിറ്റി നോക്കിയിട്ടുള്ളതു്. ഇന്നു് സമുദായത്തിനിടയിൽ നടന്നുകൊണ്ടിരിക്കുന്ന ആചാരം നോക്കി അതനുസരിച്ചു് വേണം ഈ റഗുലേഷൻ പാസാക്കാൻ. അങ്ങിനെ സമുദായ നടപ്പു നോക്കിയാൽ വിവാഹം ചെയ്ത തീയതിയെ ആശ്രയിച്ചാണു് അവരുടെ സീനിയാറിട്ടി നിശ്ചയിക്കുന്നതെന്നു കാണാം. പിന്നെ വിവാഹം കഴിയാത്ത സ്ത്രീകളെ സംബന്ധിച്ചുള്ള തർക്കം മാത്രമേ തീർക്കേണ്ടതാവശ്യമുള്ളു. അതിനു ഒരു പ്രത്യേക എക്സ്പ്ലനേഷൻ കൊടുക്കയാണെങ്കിൽ ഇപ്പോഴും നടന്നു വരുന്ന ആചാരങ്ങൾക്കു ഭംഗം വരാതെ സംഗതികൾ മുമ്പോട്ടു പോകയും, വിവാഹം കഴിക്കാത്ത സ്ത്രീകൾക്കു് വരാവുന്ന ഉപദ്രവങ്ങൾ നീങ്ങുകയും ചെയ്യും. അതുകൊണ്ടു് സിലക്ട് കമ്മിറ്റി എഴുതിയിട്ടുള്ള രൂപം ധാരാളം മതിയാകുന്നതാണു്. ഇപ്പോഴത്തെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Mahomed.]

ഭേദഗതി ഇപ്പോൾ നടപ്പിലിരിക്കുന്ന ആചാരങ്ങൾക്ക് വിരുദ്ധമാകയാൽ ഞാൻ അതിനെ എതിർക്കുന്നു. വിവാഹം കഴിച്ചതും കഴിക്കാത്തതുമായ സ്ത്രീകളെ സംബന്ധിച്ച് വരുമ്പോൾ ജനനതീയതിയും വിവാഹം കഴിച്ച രണ്ടു സ്ത്രീകൾ തമ്മിൽ വാദംവരുമ്പോൾ വിവാഹതീയതിയും നോക്കി മൂപ്പു നിശ്ചയിക്കണമെന്നു മാത്രം ഒരു വ്യവസ്ഥചെയ്താൽമതി.

MR. C. N. TUPPAN NAMPUTIRIPAD *(Co-opted)*: ഇപ്പോൾ ലാ മെംബർ കൊണ്ടുവന്ന ഭേദഗതികൊണ്ട് കുടുംബത്തിലുള്ള കന്യകയും അന്യകുടുംബത്തിൽനിന്നും വിവാഹം കഴിച്ചു കൊണ്ടുവന്നിട്ടുള്ള സ്ത്രീയും ഒരുപോലെ കുടുംബത്തിലെ അംഗങ്ങളാണ് എന്നു ഉറപ്പിക്കയാണ് ചെയ്തത്. അങ്ങിനെ പ്രത്യേകിച്ച് ഉറപ്പിക്കേണ്ട ആവശ്യം ഇതിനു മുമ്പു ഞങ്ങൾക്കുണ്ടായിട്ടില്ലെങ്കിലും ഇതിൽ ഞങ്ങൾക്ക് വിഷമമില്ല. എന്നാൽ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള കുടുംബത്തിൽ വിവാഹം കഴിച്ചു കൊണ്ടുവന്നിട്ടുള്ള സ്ത്രീയുടെ മൂപ്പവകാശം ജനനതീയതി, അതായത് ആ സ്ത്രീ അന്യകുടുംബത്തിൽ ജനിച്ച തീയതി മുതൽ കണക്കാക്കണമെന്നുള്ള ഭേദഗതിയിൽ ഞങ്ങൾക്ക് അനേകം വൈഷമ്യങ്ങളുണ്ട്. ഇതിൽ വലിയ തത്വങ്ങൾ ഒക്കെ ഉണ്ടായിരിക്കാം, എങ്കിലും ഞാൻ അതിനെപ്പറ്റി ഒന്നും വിമർശിക്കുന്നില്ല. ഇന്നു സമുദായത്തിനിടയിൽ രാഷ്ട്രീയമായിട്ടുള്ള കാര്യങ്ങളിൽ പ്രതിബന്ധമുണ്ടായിരിക്കാം. രാഷ്ട്രീയമായ കാര്യങ്ങളിൽ എർപ്പെടേണ്ടതായ അവകാശവും ആവശ്യവും അത്ര അധികം കന്യകയ്ക്ക് വരാനില്ല. എന്നാൽ സാമുദായികമായ കാര്യങ്ങളിൽ മൂപ്പിനെ അടിസ്ഥാനപ്പെടുത്തിയാണ് ഞങ്ങളുടെ ആചാരം നിലനില്ക്കുന്നത്. ഒരു സ്ത്രീക്ക് കൈകാര്യകർതൃത്വം കൊടുക്കുന്നതു എന്നുള്ള നിലമാത്രമല്ല മൂപ്പവകാശംകൊണ്ടു വരുന്നത്. മൃത്തയാൾ ൨൦ വയസ്സായ സ്ത്രീയെ വിവാഹം ചെയ്തയും രണ്ടാമതൊരാൾ ൩൦ വയസ്സായ സ്ത്രീയെ വിവാഹം ചെയ്തയും മൂന്നാമതൊരാൾ ൪൦ വയസ്സായ ഒരു സ്ത്രീയെ വിവാഹം ചെയ്തയും ചെയ്യുന്നു എങ്കിൽ ഈ ഭേദഗതി അനുസരിച്ച് മൂന്നാമത് വിവാഹം കഴിച്ച കൊണ്ടുവന്ന സ്ത്രീക്ക് മൂപ്പവകാശം നൽകണം. എന്നാൽ ഞങ്ങളുടെ സമുദായത്തിൽ ചെയ്യേണ്ട അവകാശങ്ങൾ ഇന്നതു എന്നു ഒരു ക്ലിപ്തമുണ്ട്. ഇങ്ങിനെ വരുന്നു എങ്കിൽ ആർക്കാണ് മൂപ്പവകാശം കൊടുക്കുക. ഇന്നത്തെ നിലയ്ക്ക് ആദ്യം വിവാഹം കഴിച്ചു കൊണ്ടുവന്ന സ്ത്രീക്കാണ് മൂപ്പവകാശം, അവരാണ് സാമുദായികമായ നിലയ്ക്ക് മൂപ്പവകാശം വഹിക്കുന്നത്. ഇതാണ് ആചാരവും നടപ്പും. ആ സ്ഥിതിക്ക് ജനനതീയതിയെ അടിസ്ഥാ

LIBRARY ARCHIVES Kerala Legislative Assembly

നപ്പെട്ടത്തി മൂപ്പു നിശ്ചയിക്കുന്നപക്ഷം ഇന്നു നടപ്പിലിരിക്കുന്ന ആചാരങ്ങളെല്ലാം വ്യത്യാസപ്പെടാനിടയുണ്ടു്. അതിൽ ഞങ്ങൾക്കു പലവൈഷമ്യങ്ങളും നേരിടും. അതുകൊണ്ടു് ആ ഭാഗത്തെ ഞാൻ എതൃക്കുന്നു.

പിന്നെ കന്യകയുടെ കാര്യമാണു് നോക്കേണ്ടതു്. മലയാളബ്രാഹ്മണകുടുംബങ്ങളിൽനിന്നും ഒറിയൊ തീരൊ എഴുതിക്കൊടുക്കുന്ന അവസരത്തിൽ ഇപ്പോഴും സ്ത്രീകൾക്കുടി ചേർന്നു് എഴുതണമെന്നാണു് വച്ചിരിക്കുന്നതു്. എന്നാൽ അങ്ങിനെയുള്ള കുടുംബങ്ങളിൽ കന്യകകൾ ഉണ്ടെങ്കിൽ ആ കന്യകകൾ കുടിചേർന്ന തീറാധാരം എഴുതുക പതിവില്ല. ഹൈക്കോടതി അതൊരു ന്യൂനതയായി പരിഗണിക്കുന്നുമില്ല.

DEPUTY PRESIDENT : ഒരു കുടുംബത്തിൽ കന്യകയും അന്യകുടുംബത്തിൽനിന്നും വിവാഹം ചെയ്തു കൊണ്ടു വന്നിട്ടുള്ള വിധവയും ഉണ്ടായിരുന്നാൽ അവർ തങ്ങളിലുള്ള വയസ്സ്ക്രമം അനുസരിച്ചു് കാരണവസ്ഥാനം കിട്ടണമെന്നു പറയുന്നതിൽ ആക്ഷേപമില്ലല്ലോ?

MR. C. N. TUPPAN NAMPUTIRIPAD *(Co-opted)* : ഇല്ല. എന്നാൽ രണ്ടു വിധവകൾ തമ്മിൽ മത്സരംവരുമ്പോൾ ഏതു വിധവ ആദ്യം ആ കുടുംബത്തിൽ വന്നുവോ ആ വിധവക്കു മൂപ്പുകൊടുക്കണം.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : ഒരു ഇല്ലത്തിൽ സാധാരണ ജ്യേഷ്ഠനും അനുജനും വിവാഹംചെയ്തുകൊണ്ടു് വരാറില്ലേ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : ഉണ്ടു്.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : ജ്യേഷ്ഠന്റെ വിവാഹത്തിനുമുമ്പു് അനുജൻ വിവാഹം കഴിച്ചു എന്നും വരാമല്ലോ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : അങ്ങിനെവരാറില്ല.

DEPUTY PRESIDENT : അങ്ങിനെ ഉണ്ടെന്നു വച്ചുകൊള്ളുക.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : ഒരാൾതന്നെ ഒന്നിലധികം വിവാഹം ചെയ്യാറുമുണ്ടു്. ആ വിധത്തിൽ വിവാഹം ചെയ്യുന്നതിൽ വയസ്സു കണക്കുകൊണ്ടു് വിഷമം വരികയില്ലയോ?

DEPUTY PRESIDENT: വയസ്സു കണക്കുനോക്കി മൂപ്പുനിശ്ചയിക്കുന്നതുതന്നെ അവരുടെ ആചാരത്തിനു വിപരീതമാണെന്നു പറഞ്ഞുകഴിഞ്ഞു.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : സഹോദരന്മാർ രണ്ടോ മൂന്നോ പേർ വിവാഹം ചെയ്തുകൊണ്ടുവന്നാലോ?

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT : എത്രപേർ വിവാഹം ചെയ്തുകൊണ്ടുവന്നാലും അത്രയും വിവാഹം ചെയ്തുകൊണ്ടുവരുന്ന സ്ത്രീയ്ക്കാണ് മൂപ്പവകാശം.

MR. A. C. KURIAKOSE (*Minachil cum Devicolam*) : അങ്ങിനെയാണോ അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നു അർത്ഥം വരുന്നത്?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : എന്റെ അഭിപ്രായം അതാണ്.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*) : ഈ ഭേദഗതിയെ ഞാൻ എതുക്കുന്നു. സിലക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഉള്ളതു വളരെ യുക്തിപൂർവ്വമായ ഒന്നാണെന്നു ഞാൻ പറയുന്നില്ല. എങ്കിലും സമുദായത്തിൽ ഇപ്പോഴും ആചരിച്ചുവരുന്നതു് അതാണ്. ഇന്നത്തെ ഈ വിവരണം സ്വീകരിച്ചിരിക്കുന്നതുകൊണ്ടു് കുടുംബത്തിൽ ജനിക്കുന്ന എല്ലാവർക്കും കുടുംബത്തിൽ അവകാശം ഉണ്ടെന്നു സ്ഥാപിച്ചുകഴിഞ്ഞു. പിന്നെ വാദമുള്ളതു് വിവാഹംചെയ്തുകൊണ്ടുവരുന്നവരിൽ ആർക്കാണ് മൂപ്പു് എന്നുള്ളതിനെപ്പറ്റിയാണ്. അവർകുടുംബത്തിലെ അംഗമായി വരുന്നതു് വിവാഹംകൊണ്ടാണെന്നും തീരുമാനിച്ചുകഴിഞ്ഞു. അതുകൊണ്ടു് അവർ തങ്ങളിലുള്ള മൂപ്പവകാശം വിവാഹംകഴിച്ച തീയതിയെ അടിസ്ഥാനപ്പെടുത്തിയും കന്യകയും വിവാഹംകഴിച്ചുകൊണ്ടുവരുന്ന സ്ത്രീയും തമ്മിലുള്ള മൂപ്പവകാശം അവരുടെ വയസ്സിന്റെ മുറ അനുസരിച്ചും കൊടുത്താൽ നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ഈ അഭിപ്രായം ഞങ്ങൾക്കു മൂന്നുപേർക്കും ഒരുപോലെതാണ്.

MR. A. THANU PILLAI (*Trivandrum*) : മനസ്സിലാകുന്നില്ല.

DEPUTY PRESIDENT : മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ ഇന്നോവേഷൻ ഞങ്ങളുടെ സമുദായനടപ്പിനു് വിപരീതമാണ്. അതുകൊണ്ടു് അതിനെ സ്വീകരിക്കണമെന്നു് നിർബന്ധിക്കരുതു്. വളരെ ആലോചനകഴിച്ചു് സിലക്ട് കമ്മിറ്റിയുടെ അഭിപ്രായത്തിനു് വിപരീതമായിട്ടാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു് എന്നാണ് പറയുന്നതു്.

MR. A. THANU PILLAI (*Trivandrum*) : ഈ എക്സ്പ്ലനേഷൻ എല്ലാ കേസുകൾക്കും മതിയാകുന്നില്ല.

DEPUTY PRESIDENT: എല്ലാ കേസുകൾക്കും മതിയാകുന്നില്ല എന്നാണ് അവരും പറയുന്നതു്.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*) : അതെ. അങ്ങിനെതന്നെയാണ് എന്റെ അഭിപ്രായം

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT: കുടുംബത്തിൽ ജനിച്ച സ്ത്രീയും കുടുംബത്തിലെ അംഗമാണ്?

Normally the senior female shall succeed.

ആക്കാണോ വയസ്സ് മൂപ്പ് അവക്കാണ് കാരണവസ്ഥാനം. അതായത് വിധവകൾ തങ്ങളിൽ തക്കംവരുന്നകാലത്ത് ഏത് സ്ത്രീയാണോ ആദ്യം കുടുംബത്തിൽ അംഗമായത് അവക്കാണ് മൂപ്പ്.

MR. A. THANU PILLAI (*Trivandrum*): വിധവയും കുടുംബത്തിൽ ജനിച്ച സ്ത്രീയും ഉള്ളപ്പോൾ എങ്ങിനെയാണ്?

DEPUTY PRESIDENT: കുടുംബത്തിൽ ജനിച്ച സ്ത്രീക്ക് വയസ്സുമൂപ്പുണ്ടെങ്കിൽ അവക്ക കൊടുക്കണം.

MR. A. THANU PILLAI (*Trivandrum*): ഞാൻ ഒരു സംശയംകൊണ്ടാണ് ചോദിക്കുന്നത്. ൪൫ വയസ്സായ കന്യക; ൪൦ വയസ്സായി എന്നാൽ ൫൦ വർഷമായി വിവാഹംചെയ്തിട്ട്, അങ്ങിനെ ഒരു വിധവ; ൪൬ വയസ്സായി എന്നാൽ ൬ വർഷമായി വിവാഹം കഴിഞ്ഞിട്ട് അങ്ങിനെ വേറൊരുവിധവ; ഇങ്ങിനെ മൂന്നു പേർ ശേഷിക്കുന്ന ഒരു കുടുംബത്തിൽ ആക്കാണ് മൂപ്പവകാശം?

DEPUTY PRESIDENT: ൪൦ വയസ്സായ വിധവയും ൪൬ വയസ്സായ വിധവയും തമ്മിലുള്ള സീനിയാറിട്ടി നോക്കിയാൽ ൪൦ വയസ്സായ സ്ത്രീക്കാണ് വരുന്നത്. ൪൦ വയസ്സായ സ്ത്രീയും ൪൫ വയസ്സായ കന്യകയും തമ്മിലുള്ള സീനിയാറിട്ടി ൪൫ വയസ്സായ കന്യകയ്ക്കാണ് കിട്ടുന്നത്.

MR. A. THANU PILLAI (*Trivandrum*): അങ്ങിനെ ആണെങ്കിൽ വിധവകൾ തങ്ങളിൽ ഉള്ള തക്കതീർന്നശേഷം വേണം കന്യകയുമായിട്ടുള്ള തക്കംതീർക്കാൻ എന്നകൂടിവയ്ക്കണം. അതല്ല നമ്പൂതിരിമെംബർമാർക്ക് ഇത് സമ്മതമാണെങ്കിൽ എനിക്ക വിരോധമില്ല.

DEPUTY PRESIDENT. I realise the difficulty myself. We are trying to get some provision here. What is it that you suggest?

MR. A. THANU PILLAI (*Trivandrum*): എല്ലാവർക്കും യോജിച്ച ഒരു വ്യവസ്ഥ ഉണ്ടാക്കണമെന്നു മാത്രമെയുള്ളൂ.

DEPUTY PRESIDENT: Your suggestion must be such as would not seriously offend the feelings of the community in the matter of seniority among widows. Consistent with that you may suggest an amendment.

LIBRARY ARCHIVES Kerala Legislative Assembly

MR. A. THANU PILLAI (*Trivandrum*): ഇവിടെ കൊണ്ടുവന്ന് അമെൻറുമെൻറിൽ ഇങ്ങിനെ വൈഷമ്യം കാണുന്നു എന്നാണ് ഞാൻ പ്രതിപാദിയ്ക്കുന്നത്.

DEPUTY PRESIDENT: It is not enough if you point out a difficulty. We won't thank you if you point out a difficulty without pointing out a way of escape. Have you any suggestion to make?

MR. A. THANU PILLAI (*Trivandrum*): No. ഈ വൈഷമ്യം കാണുന്നതുകൊണ്ട് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന രൂപം ചേരുന്നില്ല. വയസ്സ് എടുക്കുന്നതു് സൌകര്യമാണ്. ഈ വക കഴപ്പങ്ങളും ചേച്ചുയില്ലായ്മയും നിയമത്തിൽ വരരുതു്.

MR. L. R. RAJA RAJA VARMA KOILTAMPURAN (*Changanachery cum Peermade*): മുമ്പു് മി. താണുപിള്ള ചൂണ്ടിക്കാണിച്ചതുപോലെ ഒരു കുടുംബത്തിൽ ജനിച്ച മൈനരും വിധവയും ശേഷിക്കുമ്പോൾ ആ വിധവയ്ക്കാണ് അവകാശമെന്നു പറഞ്ഞു.

MR. A. THANU PILLAI (*Trivandrum*): അതു തക്കം തീർന്നു.

MR. L. R. RAJA RAJA VARMA KOILTAMPURAN (*Changanachery cum Peermade*): അപ്പോൾ കാരണവസ്ഥാനം കഴിഞ്ഞുകൊടുക്കണമെന്നാണൊ അഭിപ്രായം?

MR. A. THANU PILLAI (*Trivandrum*): അങ്ങിനെ വരുന്നില്ല. കേവലം പ്രായംനോക്കിയാൽ മതി എന്നു് വ്യവസ്ഥചെയ്യുന്നതോടുകൂടി ഈ തക്കവും തിരുന്നു.

MR. L. R. RAJA RAJA VARMA KOILTAMPURAN (*Changanachery cum Peermade*): എന്നാൽ ന്യൂ മാസത്തെ വ്യത്യാസംകൊണ്ടു് ആക്ററ്റ് ചെയ്ത ആൾക്ക് കാരണവസ്ഥാനം കിട്ടുന്നു എന്നുവരും.

DEPUTY PRESIDENT: അതയല്ലേ ഉള്ളു. ഒരു കുടുംബത്തിൽ പ്രായപൂർത്തിയായ പുരുഷന്മാർ ഉണ്ടാകാമല്ലോ?

MR. A. THANU PILLAI (*Trivandrum*): ഞാൻ പറഞ്ഞതു് വ്യക്തമായില്ല എന്നു് വരുന്നുണ്ടോ?

DEPUTY PRESIDENT: മനസ്സിലായി. അതിനു പരിഹാരം വല്ലതും ഉണ്ടെങ്കിൽ പറയുക.

MR. A. THANU PILLAI (*Trivandrum*): ഇതിനെപ്പററി കൂടുതൽ ആലോചിക്കേണ്ടിയിരിക്കുന്നു. അവർതന്നെ ഇതിനുവല്ല സൊല്യൂഷനും ഉണ്ടാക്കിയാൽ എളുപ്പമായിരിക്കും.

MR. A. G. MENON (*Parur*): I would point out that the example mentioned by Mr. Thanu Pillai may be put in as an explanation to this Section.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): മി. താണുപിള്ള ചൂണ്ടിക്കാണിച്ച വിഷമം ഇപ്പോൾ ഉണ്ടെന്നു തോന്നുന്നില്ല. സംഗതികളെ ഒരുപോലെ താരതമ്യപ്പെടുത്തണം. രണ്ടു വിധവയും ഒരു കന്യകയും ഉണ്ടെങ്കിൽ രണ്ടു വിധവകളുടെ അവകാശം ആദ്യം തീരുമാനപ്പെടുത്തണം. പിന്നീട് കന്യകയുടെ അവകാശം തീരുമാനിക്കണം. ഒരു വിധവയും ഒരു കന്യകയും തമ്മിലുള്ള തീരുമാനം വേറൊരു വിധവക്കുടി ഉണ്ടായിരിക്കുമ്പോൾ ആദ്യം നിശ്ചയിക്കരുതു്. ശരിയായി താരതമ്യപ്പെടുത്തിയില്ലെങ്കിൽ നിയമമനുസരിച്ചു് ശരിയായ തീരുമാനംവരാൻ സാധിക്കുകയില്ല. രണ്ടു വിധവയും ഒരു കന്യകയും ഉണ്ടായിരുന്നാൽ ആദ്യംവിധവകളുടെ അവകാശം തീരുമാനിക്കണം. പിന്നീട് കന്യകയുടെ അവകാശം തീരുമാനിക്കണം.

MR. A. THANU PILLAI (*Trivandrum*): അങ്ങിനെ ഈ ഭേദഗതിയിൽ നിന്നും വരുന്നില്ല. ആദ്യമായിട്ട് വിധവകളുടെ അവകാശം നോക്കിയിട്ട് പിന്നീട് കന്യകയുടെ അവകാശം നോക്കണം എന്നു പറയുന്നില്ല. അങ്ങിനെചെയ്താൽ വിരോധമില്ല.

DEPUTY PRESIDENT: Does that satisfy you?

MR. A. THANU PILLAI (*Trivandrum*): അതു് ആദ്യത്തെ രീതിനവിച്ചു രീതമായിട്ടു് വരും.

DEPUTY PRESIDENT: Let us make some provision which would make it clear that the seniority among widows should be determined first, that the most senior according to the date of marriage should come first, and as between the most senior according to the date of marriage and the unmarried females, the senior in point of age succeeds. The Numputiri members are agreeable to it. Mr. Thanu Pillai apparently is agreeable to it. Mr. Asan is agreeable to it. Why do you press your amendment, Mr. Nilakanta Pillai?

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഇതിലൊന്നുംതന്നെ പേപ്പറിൽ കാണുന്നില്ല. എക്സ്പ്ലനേഷനിൽനിന്നും വ്യക്തമാകുന്നതു്.

"Seniority of females who have become members of the *Illom* by marriage."

ഇവർ തമ്മിലുള്ള സീനിയാറിട്ടി ഇന്നപ്രകാരമെന്നു് നിശ്ചയിച്ചു കഴിഞ്ഞു. വേറെ മാറ്റങ്ങളൊന്നും ഇവിടെയില്ല. ഇതു് നംപൂതിരിമെമ്പന്മാർ എല്ലാവരുടേയും അഭിപ്രായം അനുസരിച്ചും ഇന്നത്തെ ആചാരത്തിനു് സാരമായ ഭേദഗതിവരുത്താതേയും നിയമദൃഷ്ട്യാ യാതൊരു ദൃഷ്യവും ഇല്ലാതേയുമാണു് ഇരിക്കുന്നതു്.

DEPUTY PRESIDENT: ഇതിനെ റ്റിക്സപ്ഷൻ ആക്കിയാൽ കുറച്ചുകൂടി നന്നാകുകയില്ലെ?

LIBRARY ARCHIVES Kerala Legislative Assembly

MR. A. THANU PILLAI (*Trivandrum*): It will be a highly artificial rule.

DEPUTY PRESIDENT: That may be treated as an exception. Can you put it in proper form?

MR. G. PARAMESVARAN PILLAI (*Additional Head Sirkar Vakil*): It ought to be an 'exception' and not an 'explanation' then the difficulty will vanish.

DEPUTY PRESIDENT: May I take it then that Mr. Nilakanta Pillai does not press his amendment?

MR. K. P. NILAKANTA PILLAI (*Chirayinkil*): I withdraw the amendment.

The amendment was, by leave, withdrawn.

MR. G. PARAMESVARAN PILLAI (*Ag. Additional Head Sirkar, Vakil*): I move that instead of the word 'explanation' the word 'exception' may be substituted.

DEPUTY PRESIDENT: That is to say you make it an exception to the ordinary rule. The only exception is that while you have competing widows, the senior among the widows is the one who was married first into the *Illom*.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): I second it.

MR. K. P. NILAKANTA PILLAI (*Chirayinkil*): That point must be made very clear in the explanation. The Courts are not bound to act upon the intention of the legislature.

DEPUTY PRESIDENT: I follow you. In the absence of male members the senior major female member ordinarily succeeds subject to this exception. May I take it that the House agrees to the substitution of the word 'exception' for the word 'explanation.'

The amendment was carried as also the Clause as amended.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): Before moving that amendment, I have to say something.

DEPUTY PRESIDENT: I will hear you when we come to your amendment.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): എനിക്കുപറയാനുള്ളതു്.....

DEPUTY PRESIDENT: മി. രവിവർമ്മരാജാവിന്റെ അമൻഡുമെന്റിനെപ്പറ്റിയാണോ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): ഞാൻ അതിനെപ്പറ്റിയല്ല പറയാൻപോകുന്നതു്.

DEPUTY PRESIDENT: അമൻഡുമെന്റിനെപ്പറ്റിയാണെങ്കിൽ കേൾക്കാം.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): Standing Order section 26 അനുസരിച്ചു അടുത്ത വിഷയം ആലോചനക്കു എടുക്കണം എന്നൊരു മോഷനാണു ഞാൻ ഇവിടെ അവതരിപ്പിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT: Let me see the amendment. Mr. Revati Nal Rama Varma Raja's amendment is as follows:

"Add the following as Clause 18 and renumber the subsequent Clauses:—

"On the death of Malayala Brahmin male leaving him surviving widow or widows or children or lineal descendants of deceased children belonging to the Kshatriya, Samantha or the Ampalavasi community they shall be equally entitled to an equal share each as any other widow or children of the Namputiri male of his own caste and for the purpose of this Regulation all marriages entered into in the customary manner before or after the commencement of this Regulation by a Namputiri male with a female of the above mentioned communities shall be legally valid."

I am afraid, Mr. Rama Varma Raja, your amendment is not in order. I will hear you.

This Bill does not define what marriage is. The Bill before the House does not deal with communities other than Malayala Brahmins. The principles already affirmed relate exclusively to the members of the Namputiri community. Your suggestion is that the House do take judicial notice of the fact that Namputiris do consort not only with Nayarl adies, not only with Namputiri ladies but ladies from other communities such as the Kshatriaya community as well. Your contention is that the claims of widows and children arising from the union of a Namputiri male with a Kshatriya female should not be ignored. You have tabled this amendment with that purpose. I suppose that is the purpose you have in view.

MR. REVATI NAL RAMA VARMA RAJA (*Edavagai*): എനിക്കു പറയാനുള്ളതുകൂടി കേട്ടിട്ടു വിധിച്ചാൽ കൊള്ളാം.

DEPUTY PRESIDENT: Now, this identical question, I understand, was raised on an earlier occasion during the course of the discussion on this Bill and the President ruled that it was out of order. We have already fixed the right of intestate succession of a Namputiri leaving behind him separate and self-acquired property. You cannot now alter the Clause. For these reasons, I should hold that your amendment is, not in order. I shall however as desired by you hear you on the question of order. But do not go into the merits, I am prepared to admit that the position taken up by you is perfectly reasonable; why certain class of widows and children should be allowed the right of inheritance, while others should not be allowed that. While recognising the equity and justice of your claim I am now concerned with the question whether your amendment is in order and can be discussed. As I said, I will hear you on the question of order.

MR. REVATI NAL RAMA VARMA RAJA (*Edavagai*): Incidence of marriage എന്നുള്ളതിനെപ്പറ്റിയാണ് എനിക്കു പറയാനുള്ളതു്. ഇതിനെപ്പറ്റി ഇതിനു മുമ്പു പ്രസിഡൻറു വിധി ചെയ്തിട്ടുണ്ട്. അതിനു വിപരീതമായിട്ടല്ല ഞാൻ ഈ അമൻറുമെൻറു കൊണ്ടുവന്നിട്ടുള്ളതു്.

DEPUTY PRESIDENT: Will you please read it?

MR. REVATI NAL RAMA VARMA RAJA (*Edavagai*): This is it,—

LIBRARY ARCHIVES Kerala Legislative Assembly

[Mr. Revati Nal Rama Varma Raja.]

"PRESIDENT: In the proceedings of the Council, during these three days, there has been technically—it cannot be denied—some irregularity. That, as I told the House when the discussion on this Bill started, is due to the fact that amendments are being proposed, or put before the House, by a co-opted member who cannot, for certain reasons, be expected to put his amendments in proper legal form. What has happened really is that the whole House, as it were, has gone into a committee to consider this Bill. As a consequence, I have allowed amendments to be moved, discussed and even passed which, strictly under the Rules, I should have disallowed to be brought in. But, we should not, on that account, ignore the difference between amendments which, though technically out of order, do not attempt to take the Bill completely out of its original scope and amendments which may *have* that effect. Mr. Tampuran's present amendment appears to be one of the latter class. In this Bill there is no provision regulating or defining marriage that takes place in the Namputiri community. But Mr. Tampuran's amendment seeks indirectly to introduce a provision which would affect the incidence of marriages in the community. Such a provision, I should say, *must be considered to be absolutely outside the scope of the Bill.* Mr. Tampuran, I regret that the amendment which you have put into my hands, cannot having regard to the scope of the Bill, be allowed to be introduced at this stage."

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): May I remind the member that it was not in the preliminary edition given to us? It was afterwards added.

MR. A. THANU PILLAI (*Trivandrum*): We had no idea as to what that amendment was. It was not read out to the House then.

MR. REVATI NAL RAMA VARMA RAJA (*Edavilgai*): ഇതിൽനിന്നും ഞാൻ മനസ്സിലാക്കുന്നതു ഇങ്ങനെ മാറ്റേജിനെപ്പറ്റി വരുന്നതായ ഒരു അമെൻഡുമെൻറും ഈസന്ദർഭത്തിൽ കൊണ്ടുവരാൻ പാടില്ലാഎന്നാണ്. എന്റെ അമെൻഡുമെൻറിൽ മാറ്റേജിനെപ്പറ്റി യാതൊന്നുംപറയുന്നില്ല; അങ്ങനെ വല്ലതുമുണ്ടെങ്കിൽ, ആ ഭാഗം എടുക്കാൻ തയ്യാറാണ്. എന്റെ ഭേദഗതി സക്സ്ഷനെപ്പറ്റിയാണ്.

DEPUTY PRESIDENT: So far as inheritance is concerned, a clause has already been passed. You cannot get rid of that. So long as that caluse remains as finally settled by the Council how can you move an amendment which has the effect of substantially varying it.

MR. REVATINAL RAMAVARMA RAJA (*Edavagai*): എന്റെ അമെൻഡുമെൻഡ് സക്സ്ഷനെപ്പറ്റി പഠയാൻ മാത്രമാണ്.

DEPUTY PRESIDENT: ഇൻഹെറിറൻസിനെപ്പറ്റി ഇതിനുമുമ്പിലത്തെ ക്ലാസിൽ തീരുമാനിച്ചിട്ടില്ലേ?

MR. REVATINAL RAMAVARMA RAJA (*Edavagai*): അതു നമ്പൂതിരിസമുദായത്തെയും നായർസമുദായത്തെയും സംബന്ധിച്ചുമാത്രമാണ്.

DEPUTY PRESIDENT: ആ സെക്ഷൻപ്രകാരം അവക്കു കൊടുത്തിട്ടുള്ള അവകാശത്തെ സംബന്ധിക്കുന്ന ഒരു ഭേദഗതി ഇപ്പോൾ മൂവ് ചെയ്യാനായിട്ടനുവദിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. REVATI NAL RAMAVARMA RAJA (*Edavagai*) : അവരുടെ അവകാശം ഞങ്ങൾ എടുക്കുന്നില്ല. ഞങ്ങളുടെ അവകാശത്തെ മാത്രമാണ് ഈ അമൻഡുമെൻറുകൊണ്ടു പറയുന്നതു്.

DEPUTY PRESIDENT: നിങ്ങളുടെ അവകാശം പറയുന്നതിൻെറ ഫലം അവരുടെ അവകാശത്തെ ഇല്ലായ്മചെയ്കയാണെങ്കിൽ അവരുടെ അവകാശത്തിനു ഭംഗംവരികയില്ലെന്ന് എങ്ങിനേയാണ് വിചാരിക്കുക?

What is the Clause that has already been passed determining the right of succession, Mr. Paramesvaran Pillai?

MR. G. PARAMESVARAN PILLAI (*Ag. Additional Head Sirkar Vakil*): That is Clause 14.

DEPUTY PRESIDENT: Yes. Clause 14 has been finally disposed of. Now what will be the effect of allowing your amendment?

MR. REVATI NAL RAMAVARMA RAJA (*Edavagai*) : നായർഭാര്യയേയും നമ്പൂതിരിഭാര്യയേയും മാത്രം സംബന്ധിക്കുന്നതായിട്ടെ അതിൽ പറഞ്ഞിട്ടുള്ളൂ.

DEPUTY PRESIDENT: നായർഭാര്യമാക്കും നമ്പൂതിരിഭാര്യക്കും പീതിച്ചുകഴിഞ്ഞാൽപിന്നെ ബാക്കിവല്ലതും ഉണ്ടോ?

MR. REVATI NAL RAMAVARMA RAJA (*Edavagai*): സജാതീയഭാര്യ ഇല്ലാതേവരുമ്പോൾ മറ്റുള്ളവർക്ക് കൊടുക്കാമല്ലൊ.

DEPUTY PRESIDENT: We are not concerned with that question at all. Clauses 14 & 15 as settled by the Council read as follows:—

"14. On the death of a Malayala Brahmin male leaving him surviving caste widows and sons and daughters by caste wives they shall subject to the provisions of Section 21 of the Nayar Regulation, II of 1100, take the whole of the self-acquired and separate properties left undisposed of by him at his death in equal shares :

Provided that if a son or a daughter shall have predeceased the intestate, the lineal descendants of such son or daughter shall take the share which such son or daughter would have taken had he or she survived the intestate.

15. On the death of a Malayala Brahmin male leaving him surviving none of the heirs mentioned in the preceding section, the self-acquired and separate properties left undisposed of by him at his death shall subject to the provisions of Section 21 of the Nayar Regulation, II of 1100, devolve on the members of his *Illom*"

We have passed these Clauses already. Your objection should have been urged then. It is rather unfortunate. It appears to me that the only constitutional way in which you can get rid of it should be to introduce a Bill amending section 21 of the Nayar Regulation and Clause 14 of the Namputiri Bill on the ground of natural justice. There is a constitutional way of doing things and there is an unconstitutional way of doing things. The first is allowable and the second should be rejected. Have you anything more to add?

MR. REVATI NAL RAMA VARMA RAJA (*Edavagai*) : No.

DEPUTY PRESIDENT: Do you wish to speak anything in connection with this question of order, Mr. Raja Raja Varma?

LIBRARY ARCHIVES Kerala Legislative Assembly

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): എനിക്കു കൗൺസിൽസിക്രട്ടറിയുടെ അടുത്തുനിന്നും ഒരു എഴുത്തു കിട്ടിയിട്ടുണ്ടു്. അതു് ന്യൂ ടൈംസ്സുകാരായി ജൂലൈ മാസം -ൽ- അയച്ചതാണു്. അതിൽ പിൻതുടർച്ചാവകാശത്തെ സംബന്ധിച്ചു് ഒരുവകുപ്പു് കൊണ്ടുവരുന്നതിനു് ഏതുമെമ്പർക്കും അവകാശം ഉണ്ടെന്നാണു് വിവരിച്ചിട്ടുള്ളതു്.

DEPUTY PRESIDENT: That does not prevent me from exercising my rights. The Secretary does not confer on you rights which are against the Rules and Standing Orders.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): അങ്ങിനെതന്നതു് സിക്രട്ടറിയുടെ നിലയിൽമാത്രം തന്നതായിട്ടാണൊ, അതല്ല കൗൺസിലിന്റെ സെക്രട്ടറിഎന്ന നിലയിൽ തന്നതായിട്ടാണൊ, എങ്ങിനെയാണു് ഞാൻ വിചാരിക്കേണ്ടതു്?

DEPUTY PRESIDENT: Are you really contending that the Secretary can override the powers and privileges of the President?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): അതിനെപ്പറ്റി പ്രസിഡൻറുമായി ആലോചിച്ചശേഷം തന്നിട്ടുള്ളതായിട്ടല്ലെ ഞാൻ വിചാരിക്കേണ്ടതു്?

DEPUTY PRESIDENT: It is not conclusive. The mere fact that a particular amendment is included in the agenda paper does not give you the absolute right to move it if the President finds it out of order. He has informed you that it can be allowed to be printed. If it is something which is purely technical I am prepared to exercise my discretion and to allow the amendment to be moved. It is well understood that the discretion of the Speaker is intended to supply omission either on the part of members who are taking part in discussion or members who took part in the Select Committee, in rgard to some amendments which becomes absolutely relevant. But where the provision that you now seek to embody conflicts with the decision already taken by the Council at an earlier stage, it is clear to me that the amendment is not in order. I rule it out. As I said I fully sympathise with the difficulties that you feel. The Nayar or Kshatriya or Namputiri wife must be on the same footing. The civil rights must be based not on consideration of marriage being a sacrament or not.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഞാൻ അയച്ചഎഴുത്തിന്റെ സംഗതിയിൽ ഇങ്ങിനെ ഒരുമറുപടി അയക്കാൻ കാരണമെന്താണു് എന്നു് അറിഞ്ഞാൽകൊള്ളാം?

DEPUTY PRESIDENT: I do not think it necessary to take instructions from the Secretary. He is not to sit in judgment over me.

MR. P. N. KRISHNA PILLAI (*Secretary to Government*): The letter only says that it is open to the Member to bring in amendments.

LIBRARY ARCHIVES Kerala Legislative Assembly

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): As regards the printing of amendments the Secretary has no option. UnderSt anding Order 39 (2) every amendment has to be printed and copies made available to the members. There is no option at all.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*) : മനസ്സിലായില്ല, ഒന്നുകൂടി പറഞ്ഞാൽകൊള്ളാം.

DEPUTY PRESIDENT: The Secretary has no option at all. Under the Standing Order he has to print every notice of amendment sent to him.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): അങ്ങിനെയല്ല ഉണ്ടായിട്ടുള്ളത്. ഈ എഴുത്തിന്റെ ...

DEPUTY PRESIDENT : Those are the rules binding on the Secretary. In this instance probably there was some correspondence also as to the admissibility or otherwise of it. I do not propose to investigate it.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*) : അമെൻഡ്മെന്റിനെസംബന്ധിച്ചല്ല അതിൽ എഴുതിയിരുന്നത്.

DEPUTY PRESIDENT : എന്തെങ്കിലും ആകട്ടെ.

What transpired between you and the Secretary is not a matter of which I am bound to take notice and I decline to take notice.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*) : ലജിസ്ലേറീവ് കൗൺസിൽ മാന്വൽ സെക്ഷൻ ഫൈനു അനുസരിച്ച് എനിക്കു ഒരുപെറിഷൻ ഇവിടെ സമർപ്പിക്കാനുണ്ട്.

DEPUTY PRESIDENT: You should say from where it has come, the number of signatures and a statement of the purpose for which it has been sent.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*) : അതു് കൗൺസിൽ മെമ്പേഴ്സിനു് അഡ്രസ്ചെയ്തിട്ടുള്ളതാണു്.

DEPUTY PRESIDENT: We will take note of it.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഇതിൽ ക്ഷത്രിയൻ, സാമന്തൻ, അമ്പലവാസി തുടങ്ങിയുള്ള ര ഫ ഫ പേരുടെ ഒപ്പു് ഇട്ടിട്ടുണ്ട്. അതിന്റെ ചുരുക്കം നമ്പൂതിരിബില്ലിന്റെ ഫ ര-ാം ക്ലാസുകൊണ്ട് അവക്കു് അഭിമാനക്ഷയം ഉണ്ടായിട്ടുണ്ടെന്നും അതു് നിമിത്തം അവരുടെ സ്ത്രീകൾക്കു് സ്വത്തുനഷ്ടം സംഭവിക്കുന്നുഎന്നുമാണു് പ്രധാനസംഗതി. അതുകൊണ്ട് നമ്പൂതിരിബില്ലിലെ ഫ ര-ാമത്തെ ക്ലാസ് പാസാക്കുകയാണെങ്കിൽ മേലാൽ നമ്പൂതിരിമാത്രമായിട്ട് വിവാഹം പാടില്ലെന്നു് ഒരു സപ്ളിമെന്ററിപ്രൊവിഷൻ കൊണ്ടുവരണമെന്നുമാണു എന്നോടു് ആവശ്യപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

[Mr. L. R. Raja Raja Varma Koil Tampuran.]

ന്നത്. അങ്ങിനെ സപ്ലിമെൻററിപ്രൊവിഷൻ കൊണ്ടുവരാൻ അവകാശമുണ്ട്.

DEPUTY PRESIDENT: അതെ, സപ്ലിമെൻററിപ്രൊവിഷൻ കൊണ്ടുവരാൽ അവകാശം ഉണ്ട്.

You can bring in a fresh bill. You may now read the prayer.

MR. L. R. RAJA RAJA VARMA KOILTAMPURAN (*Changanachery cum Peermade*): പെററിഷൻ വായിക്കാൻ പെർമിഷൻ ഉണ്ടോ?

DEPUTY PRESIDENT: I shall read it or I shall ask the Secretary to read it.

MR. L. R. RAJA RAJA VARMA KOILTAMPURAN (*Changanachery cum Peermade*): ഞാൻ വായിക്കാം. ഇതാണ് പെററിഷൻ. തിരുവിതാംക്കൂർ നിയമസഭ സാമാജികന്മാക്കു. തിരുവിതാംക്കൂർ നിയമസഭാ "മാന്വൽ" അദ്ധ്യായം ക ർ, വകുപ്പ് ക ഛ, ക ഛ ഏ, ക ഛ ഴ, ക ഛ ൻ അനുസരിച്ച താഴെ പേരെഴുതി കയ്യൊപ്പിട്ടിരിക്കുന്ന ഞങ്ങൾ തിരുവിതാംക്കൂർ നിയമസഭാസാമാജികന്മാക്ക് ബഹുമാനപുരസ്സരം സമർപ്പിക്കുന്ന ഹർജിയാവിതു:—

ക. ഇപ്പോൾ നിയമസഭയുടെ ആലോചനയിലിരിക്കുന്ന "നംപൂതിരിബിൽ"—സിലക്ററുകമ്മിററി റിപ്പോർട്ടനുസരിച്ചുള്ള "മലയാളബ്രാഹ്മണബിൽ" ക ർ-ാംവകുപ്പിന്റെ വിമർശനാവസരത്തിൽ നിയമസഭയിൽ പ്രസ്താവവിഷയമായ ചില സംഗതികൾ ഞങ്ങൾക്കതിരററ സങ്കടത്തിനും അപമാനത്തിനും കാരണമായിതീർന്നിരിക്കുന്നു.

ഖ. ടി നംപൂതിരിബിൽ ഇതേനിലയിൽ പാസ്സാകുന്നതായാൽ, മലയാളക്ഷത്രിയർ, സാമന്തർ, അമ്പലവാസികൾ, മുതലായി ബ്രാഹ്മണരുമായി വിവാഹബന്ധം അനുവദിച്ചിട്ടുള്ള അവാന്തര മരുമക്കത്തായികൾക്ക്, അതു, സാരമായ നഷ്ടത്തിനും അപമാനത്തിനും കാരണമാകുന്നതുകൊണ്ടും (ബിൽ നിലയിൽ, പാസ്സായ ക ർ-ാംക്ലാസ്സിനെ ഇപ്പോൾ വ്യത്യാസപ്പെടുത്തുന്നതു പ്രായോഗികമല്ലാത്തതുകൊണ്ടും) ഒന്നുകിൽ, ഈ വഴ്ങ്ങളിൽപ്പെട്ട സ്ത്രീകളുമായി മലയാളബ്രാഹ്മണർക്കുള്ള ബന്ധം, ടി ബില്ലിൽ അംഗീകരിച്ചിട്ടുള്ള തത്വങ്ങൾ അനുസരിച്ച മതകർമ്മാനുഷ്ഠാനങ്ങളോടുകൂടിയവയല്ലാത്തതുകൊണ്ടു ന്യായമായ ബ്രാഹ്മണവിവാഹബന്ധമാകയില്ലെന്നും അതുകൊണ്ടു നിർവാഹമില്ലെന്നും വിചാരിക്കുന്നപക്ഷം, പരമ്പരാഗതത്തിനു ഞങ്ങളെ പാത്രമാക്കത്തക്ക ഇത്തരം ബന്ധവും, ഇവർ തങ്ങളിൽ പരസ്യമായി ഏർപ്പെടുന്ന ഭാര്യാഭർതൃസംയോഗവും മേലാലെങ്കിലും ഉണ്ടാകാതിരിക്കത്തക്കവണ്ണം നിയമത്താൽ തടയുകയൊ, അതല്ലെങ്കിൽ ഞങ്ങൾക്ക് ഒരു പ്രത്യേകനിയമം അനുവദി

LIBRARY ARCHIVES Kerala Legislative Assembly

ച്ചതനു്,—മറു നിയമങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും—ഞങ്ങളുടെ നിയമത്തിലെ വ്യവസ്ഥകൾക്കു ഞങ്ങളുമായി വിവാഹബന്ധത്തിലേർപ്പെടുന്ന എല്ലാവരേയും ആ നിയമം അനുസരിപ്പിക്കേണ്ടതും, മന്ത്രപൂർവ്വകമായൊ അല്ലാതെയൊ സമുദായാംഗീകരണത്തോടുകൂടി ഞങ്ങളുമായി ഏർപ്പെടുന്ന എല്ലാവിധ ദാമ്പത്യബന്ധത്തിനും ഒരു ശരിയായ വിവാഹമായി നിയമസാധുതവം സ്ഥാപിക്കേണ്ടതും, വിവാഹത്താൽ ജനിക്കുന്ന സംരക്ഷണാവകാശം, പിൻതുടച്ചാവകാശം, മുതലായ അനന്തരഫലങ്ങൾ ലോകാചാരത്തിനും സദാചാരത്തിനും ഒത്തവണ്ണം ഭാര്യാഭർത്താക്കന്മാരിലും അവരുടെ സ്വത്തിലും ചുമത്തി നിയമംചെയ്യുന്നമൂതിരിബില്ല ത്രുപാന്തരപ്പെടുത്തേണ്ടതുമാകുന്നു.

൩, വിവാഹം, പിൻതുടച്ചാവകാശം മുതലായവയേയും മറും കാലസ്ഥിതിയനുസരിച്ചു നിയന്ത്രിക്കുന്നതിനു് ഒരു ക്ഷത്രിയബിൽ അനുവദിച്ചുതരണമെന്നു് ൧൯൨൰ മുതൽ വർഷംതോറും ഇടവിടാതെ തുടച്ചയായി ക്ഷത്രിയമഹാസഭയും ഉപസഭകളും നിശ്ചയങ്ങൾ പാസാക്കുകയും ഗവണ്മെൻറിൽ അറിയിക്കുകയും മെമ്മോറിയൽ സമർപ്പിക്കുകയും ചെയ്തിട്ടും ക്ഷത്രിയസമുദായത്തിന്റെ അപേക്ഷപ്രകാരം നിയമസഭാംഗമായ മ. രാ. രാ. ശ്രീ. എ. ജി. മേനവൻ അവർകൾ ബി. എ. ഒരു ക്ഷത്രിയ ബിൽ അവതരിപ്പിക്കാൻ അനുവാദം ചോദിച്ചിട്ടും, ഇതേവരെയും ഒരുഫലവും കാണാതേയും, അതുപോലെതന്നെ മൂന്നുകൊല്ലം മുൻപു മുതൽക്കേ അമ്പലവാസികൾ (സാമന്തരുംപ്പെടെ) അവരുടെ മഹായോഗംകൂടി ഒരു കരടുബില്ലോടുകൂടി ഗവണ്മെൻറിനോടപേക്ഷിച്ചിട്ടും അതും ഇതേവരെയും പ്രയോജനപ്പെടാതെയും, നിയമസഭാംഗമായ മി. എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ ഈ അവാന്തര മരുമക്കത്തായികളെ എല്ലാവരേയുംഉൾപ്പെടുത്തി ഒരു ബിൽ ഈ കൗൺസിലിൽ അനുവാദം ചോദിക്കാനപേക്ഷിച്ചിട്ടും സാധിക്കാതേയും യാതൊന്നും ഇതേവരെയും അനുവദിക്കാതേയുമിരിക്കെ, പ്രാതിനിദ്ധ്യവഴി കൌൺസിലിൽ പ്രവേശിക്കാനും വാദിച്ചു തങ്ങളുടെ കാര്യം സാധിക്കാനും പ്രയാസമുള്ള ഈ ചെറുസമുദായങ്ങളുടെ സാമുദായികമായും ധനപരമായുംഉള്ള സംരക്ഷണത്തെ അവഗണിച്ചു് ഇപ്പോഴും നമ്പൂതിരിബിൽ വഴിക്കു് ഞങ്ങളുടെസമുദായാഭിമാനവും വ്യക്തികളുടെ ആത്മാഭിമാനവും സാമാന്യലോകത്തിലെ സാമാന്യതത്വങ്ങളനുസരിച്ചു് ഞങ്ങൾക്കുമുള്ള പിൻതുടച്ചാവകാശവും നഷ്ടമാകാനിടവരുന്നതിൽ ഞങ്ങൾക്കുള്ള അതിരറ്റ സങ്കടത്തെ ഹൃദയവേദനയോടുകൂടി ഇവിടെ അറിയിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. L. R. Raja Raja Varma Koil Tampuran.]

൪. ഇപ്പോൾ ആലോചനയിലിരിക്കുന്ന നമ്പൂതിരിബിൽ നിയമസഭ പാസ്സാക്കുന്നതിനുമുൻപ്, ഈ കൌൺസിൽ നായർ റഗുലേഷൻ മൂലം സ്ഥാപിച്ച പിൻതുടർച്ചാവകാശത്തത്തെ ഞങ്ങളുപ്പെട്ട ഈ ചെറുസമുദായങ്ങൾക്കുകൂടി അനുവദിക്കത്തക്കവണ്ണം ഒരു ബിൽ ഉടനെ അവതരിപ്പിക്കുന്നതിന് അനുവാദം തരുന്നതിനും പിന്നീട് ഒരുക്രമത്തിലുള്ള അവകാശത്തെ തിരിയെ പിടിച്ചെടുത്തെന്നൊരാക്ഷേപം വരാതിരിക്കുന്നതിനു കരുതി, തത്പരകക്ഷികളുടെ പരസ്പരവിരുദ്ധം വരാത്തവണ്ണം പ്രസ്തുതബില്ലും നമ്പൂതിരിബില്ലും ഒന്നിച്ചുമാത്രം വിമർശനംനടത്തുന്നതിനും അതുവരെ നമ്പൂതിരിബിൽ ആലോചന നിർത്തിവയ്ക്കുന്നതിനും നിശ്ചയിച്ച് പരസ്പരസ്നേഹത്തിലും ബന്ധത്തിലും കഴിയുന്ന ഈ സമുദായങ്ങളിൽ അന്യോന്യ വൈരത്തിനും മത്സരത്തിനും ഇടയാക്കാതിരിക്കുന്നതിന് വേണ്ട തീരുമാനം ചെയ്യണമെന്ന് ഞങ്ങൾ സവിനയം അപേക്ഷിക്കുന്നു.

൫. സാമുദായികനിയമങ്ങളിൽ പ്രാഥമ്യം വഹിക്കുന്ന "വിവാഹം" സംബന്ധിച്ച് ഒരദ്ധ്യായമോ, മലയാളബ്രാഹ്മണ വിവാഹമെന്നാലെന്തെന്നതന്നെ യാതൊരു വിവരണമോ ചേർത്തിട്ടില്ലാത്ത ഇപ്പോഴത്തെ നമ്പൂതിരിബില്ലിൽ വിവാഹത്തേയും വിവാഹത്തിന്റെ അനന്തരഫലങ്ങളായുണ്ടാകുന്ന രക്ഷകർതൃത്വം, പിൻതുടർച്ചാവകാശം മുതലായവയെ സംബന്ധിക്കുന്ന വകുപ്പുകൾ—അതും, ഏതാനും വിവാഹങ്ങളേയും ഏതാനുംപേരേയും മാത്രം ബന്ധിക്കത്തക്കവിധത്തിലും മറു ചിലരെ ഉപദ്രവിക്കത്തക്കതരത്തിലും ഇന്നത്തെ ആചാരവും നടപ്പും മാറ്റി നിയമിക്കുന്ന ഒരു ബിൽ നിയമസഭയിൽ എങ്ങിനെ സ്ഥാനം പിടിച്ചെന്നതന്നെ ഞങ്ങളറിയുന്നില്ല. അതെങ്ങിനെതന്നെ വന്നുചേർന്നിരുന്നാലും, "വിവാഹം" വിവരിക്കാതെ വിവാഹകാര്യങ്ങളെ നിയന്ത്രിക്കുന്നതിനും വിവാഹഫലങ്ങളെ നിർണ്ണയിക്കുന്നതിനും ചേർത്തിട്ടുള്ള എല്ലാവകുപ്പുകളും നിർദ്ദോഷം നമ്പൂതിരിബില്ലിൽനിന്നും എടുത്തുകളയുകയോ, വിവാഹത്തിനു ഒരു പുതിയ അദ്ധ്യായം അവസാനം കൂട്ടിച്ചേർക്കുകയോ ചെയ്യേണ്ടതാണെന്നും, അല്ലാത്തപക്ഷം ഈ ബിൽ ഉപേക്ഷിച്ച് ആവശ്യമുള്ള എല്ലാ സംഗതികളേയും ക്രോഡീകരിച്ച് മുഴുവൻ കാര്യങ്ങളും നിർണ്ണയിക്കുന്ന ഒരു ബിൽ പുതുതായി കൊണ്ടുവന്ന് സഭയിൽ ആലോചനകഴിച്ച് പാസ്സാക്കേണ്ടതാണെന്നും നിയമസഭ തീരുമാനിക്കേണമെന്ന് ഞങ്ങൾ ഉൽകണ്ഠാപൂർവ്വം അപേക്ഷിക്കുന്നു.

൬. അവസാനമായി നമ്പൂതിരിബിൽ പാസ്സാകുന്നതോടുകൂടിത്തന്നെ ഈ ചെറുസമുദായങ്ങൾക്കും, മി: എൽ. ആർ. രാജരാജവർമ്മ

LIBRARY ARCHIVES Kerala Legislative Assembly

കോയിത്തമ്പുരാൻ എം. എൽ. സി. എഴുതി ഹാജരാക്കി അനുവാദത്തിനപേക്ഷിച്ചിട്ടുള്ള ബില്ലിലെ സാമാന്യതത്വങ്ങളോട് യോജിച്ച് ഒരു ബിൽ സഭയിൽ അനുവദിച്ചു പാസ്സാക്കിത്തരേണമെന്ന് എല്ലാ നിയമസഭാംഗങ്ങളോടും വിശിഷ്യാ ഗവണ്മെൻറു പ്രതിനിധികളായ ഉദ്യോഗസ്ഥാംഗങ്ങളോടും, ദിവാൻ പ്രസിഡൻറ് അവർകളോടും പ്രത്യേകം പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു."

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*) : May I ask a questaion, Sir?

DEPUTY PRESIDENT: No. The rule is that the President shall not allow any debate on such petition.

Do you want to move your amemdment, Mr. Raja Raja Varma?

ADJOURNMENT MOTION.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*) : Standing Order നമ്പർ-26 വകുപ്പിൻപ്രകാരം ഒരു Adjournment motion കൊണ്ടുവരണമെന്നു ഞാൻ വിചാരിക്കുന്നു.

DEPUTY PRESIDENT: You say that under Standing Order No. 26 the present business should be adjourned or postponed till the next Council ?

MR. REVATI NAL RAMAVARMA RAJA (*Edavagai*) ; Be adjourned. അടുത്തവിഷയത്തിലേക്കു പ്രവേശിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

MR. L. R. RAJARAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*) : ഞാൻ കൊണ്ടുവരുന്ന കാര്യം ഇതിനെക്കിലും വേറെ ഒരുതരത്തിൽ പറയാനാണു ഭാവിക്കുന്നതു്.

DEPUTY PRESIDENT: അതിനിടെ ഡിസ്കസ് ചെയ്യാമല്ലോ.

MR. G. PARAMESVARAN PILLAI (*Ag. Additional Head Sirkar Vakil*): That cannot be done. The whole Bill will go off if that is done.

DEPUTY PRESIDENT: I will allow you to make the motion, we will discuss the merits of it.

MR. REVATI NAL RAMAVARMA RAJA (*Edavagai*) : ഈ ബില്ലിൻറെ ആലോചന മാറ്റിവയ്ക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നതു്.

DEPUTY PRESIDENT: You say that the consideration of the Bill be adjourned till the next sitting of the Council ?

MR. REVATI NAL RAMA VARMA RAJA (*Edavagai*): Be adjourned. എന്നുമാത്രം.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*) : I second it.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*) : രാമവർമ്മരാജാ അവർകൾ അവതരിപ്പിച്ച അഡ്ജോൺമെൻറ് മോഷനെ ഞാൻ എ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. N. Kesavan Namputiripad.]

തുക്കുന്നു. അഡ്ജോൺ ചെയ്യണമെന്നുള്ളതിലേക്കു കാരണം അദ്ദേഹം പ്രത്യേകമായി പ്രസ്താവിച്ചിട്ടില്ല. എൽ. ആർ. രാജരാജവർമ്മ അവർകൾ, അനേകം ക്ഷത്രിയരും സാമന്തരും ഒപ്പിട്ട ഒരു ഹർജി ഈ സഭയുടെ ആലോചനക്കായി ഇവിടെ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ക്ഷത്രിയസമുദായത്തിലെ യോഗ്യന്മാരായ അംഗങ്ങൾ ഏതെങ്കിലും കുഴപ്പവുമുണ്ടാക്കി നംപൂതിരിബില്ലിന്റെ പുരോഗതിക്ക് തടസ്സമുണ്ടാക്കരുതെന്ന് പല ഭാഗങ്ങളിലുംവച്ച് മീറ്റിംഗ് കൂടുകയും അതിൽ നംപൂതിരിസമുദായത്തിന്റെ അഭ്യുദയത്തിനു ഏകാവലംബമായ ഈ ബില്ലിനെ പാസാക്കുന്നതിനു കഴിയുന്നവിധത്തിലുള്ള സഹായങ്ങൾ ചെയ്യണമെന്ന് നിശ്ചയങ്ങൾ പാസാക്കുകയും അതു ചെയ്തിട്ടുള്ളതു്. പല മാന്യന്മാരും കഴിയുംവിധം സഹായങ്ങൾ ചെയ്യാമെന്നും പറഞ്ഞിട്ടുമുണ്ട്. കൊച്ചിയിൽ നംപൂതിരിബിൽ ഏതോ കാരണവശാൽ തള്ളിപ്പോയി. ഇവിടെയും മൂന്നുനാലു കൊല്ലങ്ങൾക്കുമുൻപു ഈ ബിൽ അവതരിപ്പിച്ചെങ്കിലും പ്രത്യക്ഷമായും പരോക്ഷമായും പല പ്രതിബന്ധങ്ങളേയും കടന്ന് ഇപ്പോൾമാത്രമേ ഈ പദനത്തിൽ എത്തുന്നതിനു സാധിച്ചിട്ടുള്ളൂ. ഇപ്പോൾ ഇതിനു പ്രതിബന്ധം ഉണ്ടാകത്തക്കവണ്ണം രാമവർമ്മ രാജാഅവർകൾ അഡ്ജോൺമെൻറ് മോഷൻ കൊണ്ടുവന്നു. ഈ ബില്ലിന്റെ പുരോഗതിയെ തടയുന്നതു് ശരിയല്ല. ഈ സ്ഥിതിക്കു ഒരു മെമ്പരും അതിനെ അനുകൂലിക്കുകയില്ലെന്നു വിശ്വസിക്കുകയും അനുകൂലിക്കരുതെന്ന് അവരോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ബിൽ നീട്ടിവയ്ക്കുന്നപക്ഷം ഈ ബിൽ ഈ കൌൺസിലിൽ പാസാക്കികിട്ടാൻ സാധിക്കുകയില്ലെന്നു എല്ലാവർക്കും അറിയാവുന്നതാണു. ഏതുതരത്തിലെങ്കിലും ഈ ബിൽ പാസാവാതിരിക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടിയായിരിക്കണം ഇങ്ങിനെ മാറ്റിവയ്ക്കണമെന്നാവശ്യപ്പെടുന്നതു്.

DEPUTY PRESIDENT : അവരുടെ സങ്കടത്തിനു പരിഹാരം ഉണ്ടാക്കുന്നതിനു വേണ്ടിമാത്രമാണു്.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*) : ക്ഷത്രിയസമുദായത്തിനു് ഒരു ബിൽ ഉണ്ടാകുന്നതുവരെ നംപൂതിരിബിൽ നിയമസഭയിൽ ആലോചനയ്ക്കെടുക്കരുതെന്നുള്ള അർത്ഥമാണു് ഇതിൽനിന്നും വ്യക്തമാകുന്നതു്.

DEPUTY PRESIDENT: അവർക്കുള്ള അവകാശത്തെ നിങ്ങൾ സമ്മതിച്ചിട്ടില്ല, അതാണു കാരണം.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*) : ക്ഷത്രിയരുടെ അവകാശത്തെ സംബന്ധിച്ചുള്ള വകുപ്പൊക്കെ അവരുടെ ബില്ലിൽ ചേർക്ക

LIBRARY ARCHIVES Kerala Legislative Assembly

ണമെന്നല്ലാതെ നംപൂതിരിബില്ലിൽ ചേർക്കണമെന്നാവശ്യപ്പെട്ടന്നതിന്റെ യുക്തി എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*) : ക്ഷത്രിയർക്കു പ്രത്യേകം ഒരു ബിൽ അവതരിപ്പിക്കുന്നതിനു അനുവാദം ചോദിച്ചതിൽ തന്നിട്ടില്ലെന്നുള്ള വിവരം അറിയാമോ?

MR. K N. KESAVAN NAMPUTIRIPAD (*Jenmies*) : അതിനു് ഗവണ്മെന്റു അനുവാദം തന്നില്ലെങ്കിൽ നംപൂതിരിബിൽ എന്തു പിഴച്ചു?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*) : ഗവണ്മെണ്ടിന്റെ അനുവാദം ചോദിച്ചില്ല. ഈ കൌൺസിലിന്റെ അനുവാദമാണു ചോദിച്ചതു്.

DEPUTY PRESIDENT : വല്ലപ്പോഴും ഈ കൌൺസിലിന്റെ അനുവാദം ചോദിച്ചിട്ടുണ്ടോ ?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*) : അതിനെപ്പറ്റി കൌൺസിൽ സിക്രട്ടറിക്കു് നോട്ടീസ് അയച്ചു. ഇതുവരെ മറുപടി കിട്ടീട്ടില്ല.

DEPUTY PRESIDENT : അതിനെപ്പറ്റി വല്ലമോഷനും കൌൺസിലിൽ വന്നിട്ടുണ്ടോ? സിക്രട്ടറിക്കു അയച്ചതിനെ കൌൺസിലിൽ അയച്ചതായി പറയരുതു്. കൌൺസിലിൽ യാതൊരുതടസ്സവും ചെയ്തിട്ടില്ലല്ലോ.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*) : കൌൺസിൽ ഒരു മോഷനും ചെയ്തിട്ടില്ല.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*) : ഈ കാരണങ്ങളാൽ ഈ ബില്ലിന്റെ ആലോചന മാറ്റിവയ്ക്കണമെന്നു പറയുന്നതായാൽ അതു് നമ്പൂതിരിസമുദായത്തോടു ചെയ്യുന്ന ഒരു മഹാദ്രോഹമാണെന്നു് ഞാൻ എല്ലാ മെമ്പർന്മാരേയും അറിയിച്ചുകൊള്ളുന്നു.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*) : ഞാൻ ഈ മോഷനെ അനുകൂലിക്കുന്നു. ഇപ്പോൾ നമ്പൂതിരിബിൽ പാസായിപ്പോകുന്നതായാൽ, ഞാൻ ഇപ്പോൾ ഹാജരാക്കുന്നബില്ലിൽ കാണിച്ചിട്ടുള്ളതുപോലെയുള്ള ഏതാനും ജനങ്ങൾക്കു ചില അവകാശങ്ങൾ ഭേദമാക്കിക്കൊടുക്കുകയും, പിന്നീടു വേറൊരുബിൽ വരുന്ന അവസരത്തിൽ അവരുടെ അവകാശങ്ങളെ പിടിച്ചുപറിച്ചു് വേറൊരാളിനു കൊടുക്കുകയും ചെയ്യേണ്ടിവരും. അതു് കൌൺസിലിന്റെ യോഗ്യതക്കും അഭിമാനത്തിനും യോജിച്ചതാണെന്നു ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു് ഇതു രണ്ടും ഒരുമിച്ചു് ആലോചനയ്ക്കെടുക്കണമെന്നാണു് എന്റെ അപേക്ഷ.

LIBRARY ARCHIVES Kerala Legislative Assembly

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): ക്ഷേത്രിയബിൽ വന്നില്ല എങ്കിൽ എന്താണ് വേണ്ടതു്?

MR. L. R RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): അതിലേക്കു അപേക്ഷിച്ചിട്ടുണ്ടു്. അതു വരികയും ചെയ്യും.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ഏതു കാലംവരെ അങ്ങിനെ വരുമെന്നു ആശിച്ചുകൊണ്ടിരിക്കണമെന്നാണ് അഭിപ്രായപ്പെട്ടതു്?

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഇതുകാലവും അനുവാദംകിട്ടുമെന്നാണ് ആശിച്ചിരുന്നതു്. ഇപ്പോൾ ഇല്ലെന്നു മനസ്സിലായി. അതുകൊണ്ടു് ഇനിയും അല്പകാലം കൂടി വരുമെന്നു് ആശിച്ചുകൊണ്ടിരിക്കുക. അടുത്ത മീറ്റിംഗ് വരെയായാൽ തരക്കേടില്ല. അടുത്ത കൗൺസിൽവരെ എന്നുള്ളതു് ഇൻഡെഫനിറ്റായിട്ടാണ് പറഞ്ഞതു്.

DEPUTY PRESIDENT: എന്നല്ലല്ലോ ഇവിടെ അവതരിപ്പിച്ചിട്ടുള്ള മോഷൻ.

"Be adjourned" എന്നാണ് ഇവിടത്തെ മോഷൻ.

MR. REVATI NAL RAMA VARAMA RAJA (*Edavagai*): 'അടുത്തമീറ്റിങ്ങ്വരെ' എന്നാക്കുന്നതിൽ എനിക്കു വിരോധമില്ല.

DEPUTY PRESIDENT: എന്നല്ലല്ലോ പറഞ്ഞതു്.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഞാൻ അതല്ലംപറഞ്ഞതു് "To pass on to the next item in the agenda" എന്നാണ്.

DEPUTY PRESIDENT: I would have ruled you out of order if you had that motion.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): Yes, Sir. അതിനെപ്പറ്റി ഞാൻ ഒന്നും പറയുന്നില്ല. ഈ ബിൽ പാസ്സായിക്കഴിഞ്ഞശേഷം തടസ്ഥം കൊണ്ടുവരുന്നെന്നുള്ള ഉദ്ദേശത്തിലാണ് ഇതു് ഇപ്പോൾ ഇവിടെ പറയുന്നതു്. ഇന്നത്തെ അജൻറാവിൽ ഇതിനെക്കാൾ അത്യാവശ്യമുള്ളതാണെന്നു ഞാൻ വിചാരിക്കുന്ന രണ്ടുമൂന്നു സംഗതികളും ഉണ്ടു്.

DEPUTY PRESIDENT: That does not count very much.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഈ ബില്ലിന്റെ ആലോചന തുടന്നാലും ഇതുമുഴുവനാകാൻ മാർഗ്ഗമില്ല, എന്നാണ് ഞാൻ വിചാരിക്കുന്നതു്.

DEPUTY PRESIDENT: അൺറിസിപോറ്റു ചെയ്യരുതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery cum Peermade*): ഞാൻ വിചാരിക്കുന്നു എന്നേ പറയുന്നുള്ളൂ. ഞങ്ങളുടെ സങ്കടങ്ങൾ ഈ കൗൺസിൽ അംഗങ്ങളുടെ മുമ്പാകെ രേഖപ്പെടുത്തണമെന്നാണ് എന്റെ ആഗ്രഹം. അതുകൊണ്ട് ഈ കൗൺസിൽ ഈ മോഷൻ സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ഇപ്പോൾ ഇവിടെ അവതരിപ്പിച്ച അടിയന്തിരപ്രമേയത്തെ ഞാൻ എതിർക്കുന്നു.

DEPUTY PRESIDENT: "പ്രമേയം" എന്നുമതി.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): അടിയന്തിരപ്രമേയമായിട്ടാണ് ഞാൻ ഇതിനെ വിചാരിക്കുന്നത്.

ഈ നമ്പൂതിരിബിൽ ഇവിടെ കൊണ്ടുവന്നിട്ട് അഞ്ചാറു കൊല്ലമായിരിക്കുന്നു. അതിനിടയ്ക്കു വേണമെങ്കിൽ അവരുടെ അഭിപ്രായങ്ങളെ വെളിപ്പെടുത്താമായിരുന്നു. അങ്ങിനെ അവരുടെ സമുദായത്തിന് വല്ല ആപത്തും വരുന്ന ഘട്ടമാണ് ഇതെങ്കിൽ അതിനെപ്പറ്റി ആലോചിക്കേണ്ടതാണ്. അങ്ങിനെ ഈ ഘട്ടത്തിൽ അവക്ക് വല്ല ന്യൂനതയും ഉണ്ടായിട്ടുണ്ടോ എന്ന് നോക്കാം. അവക്ക് നമ്പൂതിരിബില്ലിൽ ഏതെങ്കിലും ഭാഗംകൂടി ചേർക്കണമെന്ന് പറയുന്ന കാരണംതന്നെ നിസ്സാരമാണ്. അവക്ക് ഒരു ബില്ല് കിട്ടിയാൽ കൊള്ളാമെന്ന് ഗവർണ്മെൻറിനോട് അവർ അപേക്ഷിച്ചു. ഗവർണ്മെൻറ് അതിന് അനുവാദം കൊടുത്തില്ല. ഇനി എന്താണ് വേണ്ടത് എന്നു ആലോചിച്ചപ്പോൾ നമ്പൂതിരിബില്ലിനെ കയറിപിടിക്കാമെന്നും നിശ്ചയിച്ചു അങ്ങിനെ ഏതെങ്കിലും ബില്ലിൽ ചേർന്നാൽ മതിയെങ്കിൽ ചേർന്നിരിക്കുന്നു പ്രദർശനബില്ലിൽ ഉണ്ട്. അതിൽ ആകരുതോ (ചിരി).

DEPUTY PRESIDENT: Order; order.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): അതുകൊണ്ട് ഈ ബില്ലിൽ ഒരിക്കലും അവരെ ഉൾപ്പെടുത്താൻ പാടില്ല എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഈ പ്രമേയം സ്വീകരിക്കാൻ പാടില്ല.

DEPUTY PRESIDENT: ഈ ബില്ലിൽ ഉൾപ്പെടുത്താമോ പാടില്ലയോ എന്നുള്ളതു ഞാൻ തീർച്ചയാക്കാം. ഇവിടെ മാറ്റിവയ്ക്കണമെന്നുള്ളതിനെപ്പറ്റി വല്ലതുമുണ്ടെങ്കിൽ പറയുക.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): അതിന് യാതൊരു ന്യായവും കാണുന്നില്ല. അതുനിമിത്തം കൂടുതൽ ഞങ്ങളെ കഷ്ടപ്പെടുത്താമെന്നേ ഒള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NILAKANTA PILLAI (*Chirayinkil*): I move that the question be now put.

DEPUTY PRESIDENT: I want to hear other people also. Only three have hitherto spoken.

MR. V. S. KRISHNA PILLAI (*Tiruvalla*): ഞാൻ രാമവമ്മരാജാഅവർകളുടെ.....

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): We want to hear the other side also before it is put to vote.

MR. A. THANU PILLAI (*Trivandrum*): We cannot hear Mr. Robinson.

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): We wish to hear Mr. Jathavedan Namputiripad.

MR. V. S. KRISHNA PILLAI (*Tiruvalla*): രാമവമ്മരാജാ അവർകളുടെ മോഷനെ ഞാൻ അനുകൂലിക്കുന്നു. നമ്പൂതിരിസമുദായത്തോടു വിവാഹബന്ധമുള്ള മറനേകം സമുദായങ്ങൾ ഉള്ളപ്പോൾ അവരുടെ അവകാശത്തെ സാരമായി ബാധിക്കുന്നതായ ഒരുബിൽ ആലോചനക്കുടാതെ പാസാക്കുന്നതു് തീർച്ചയായും വലിയ സാഹസമെന്നു് തന്നെ തോന്നുന്നു. അവരോടു് വിവാഹബന്ധമുള്ള സമുദായങ്ങളുടെ അവകാശം കൂടി ഈ കൗൺസിലിൽ ധരിപ്പിച്ചു് അവക്കു് ന്യായമായി കിട്ടാനുള്ള അവകാശം വാങ്ങിച്ചില്ലെങ്കിൽ അതു് അവക്കു് അപരിഹാര്യമായ നഷ്ടമായിട്ടുവരാനേ തരമുള്ളൂ.

DEPUTY PRESIDENT: നായർ റഗുലേഷനിലെ ൨൭-ാം വകുപ്പിനേയും ഈ ബില്ലിലെ ൧൪-ാംവകുപ്പിനേയും റിപ്പീൽ ചെയ്യാൻ അവകാശമില്ലെന്നാണോ പറയുന്നതു്?

MR. V. S. KRISHNA PILLAI (*Tiruvalla*): നായർ റഗുലേഷൻ പാസായ കാലത്തു് നായരേതരന്മാരുടെ വിവാഹബന്ധത്തെപ്പറ്റി തർക്കം വരികയും നായരേതരന്മാരുടെ വിവാഹംകൊണ്ടു് സാമ്പത്തികമായിട്ടോ മറു വിധത്തിലൊ യാതൊരു തരക്കേടും വന്നുകൂടാ എന്നു വാദിക്കുകയും ചെയ്തതിനാൽ അവക്കു് പകുതി അവകാശം കൊടുത്തു.

DEPUTY PRESIDENT: എന്നിട്ടു പകുതി സ്വത്തു കൊടുത്തോ?

MR. V. S. KRISHNA PILLAI (*Tiruvalla*): അവക്കു് തരക്കേടു വരാത്ത വിധത്തിൽ വിട്ടുകൊടുത്തു.

ഇവിടെ നംപൂതിരിസമുദായത്തോടു വിവാഹബന്ധമുള്ള അനേകം സമുദായക്കാരുടെ സങ്കടത്തെ വിളിച്ചു പറഞ്ഞുകഴിഞ്ഞു. ആ സ്ഥിതിക്കു് അവരുടെ അവകാശത്തെ അവഗണിച്ചു് പെട്ടെന്നു് ഒരു ബിൽ പാസാക്കുന്നതു് ഒരിക്കലും ന്യായമല്ല.

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT: നംപൂതിരി ബില്ലിലെ ഫ്ര-ാമത്തെ വകുപ്പ് പാസാ ക്കുന്നതിനു മെമ്പർ ഇവിടെ ഇല്ലായിരുന്നോ?

